# 60

# അവസാന സമയത്തെ കുറിച്ചുള്ള അവന്റെ ഉപമകൾ

## (25:1- 46)

അദ്ധ്യായം 24-ൽ തുടങ്ങിയ "ഒലിവ് പ്രസംഗങ്ങൾ" ഈ അദ്ധ്യായത്തിലും തുടരുകയാണ്. അപ്പോഴും അവൻ തന്റെ ശിഷ്യന്മാരോട് സംസാരിച്ച്, അവസാനസമയത്തെ കുറിച്ച് വേറെ മൂന്നു ഉപമകൾ കൂടെ പറഞ്ഞു: പത്തു കന്യകമാരുടെ ഉപമ (25:1-13), താലന്തുകളുടെ ഉപമ (25:14-30), ചെമ്മരിയാടുകളുടേയും കോലാടുകളുടേയും ഉപമ (25:31-46). അവസാനം പറഞ്ഞ ഉപമയെ "അന്തിമ ന്യായവിധി രംഗം" എന്നും വിളിച്ചിരുന്നു. ക്രിസ്തുവിന്റെ രണ്ടാം വരവിനു വേണ്ടി ഒരുങ്ങണമെന്ന ഊന്നലാണ് ആ മൂന്നു ഉപമകളിലും ഉള്ളത്. മത്തായിയുടെ സുവിശേഷത്തിൽ അവ പ്രത്യേകതയുള്ളതാണ്.

### പത്തു കന്യകമാരുടെ ഉപമ (25:1-13)

**1"സ്വർഗരാജ്യം മണവാളനെ ഏതിരേൽപാൻ വിളക്ക് എടുത്തുകൊണ്ട്
പുറപ്പെട്ട പത്തു കന്യകമാരോട് സദൃശം. 2അവരിൽ അഞ്ചുപേർ ബുദ്ധിയി
ല്ലാത്തവരും അഞ്ചുപേർ ബുദ്ധിയുള്ളവരും ആയിരുന്നു. 3ബുദ്ധിയില്ലാത്തവർ
വിളക്ക് എടുത്തപ്പോൾ എണ്ണ എടുത്തില്ല. 4ബുദ്ധിയുള്ളവരോ വിളക്കോ
ടുകൂടി പാത്രത്തിൽ എണ്ണയും എടുത്തു. 5പിന്നെ മണവാളൻ താമസിക്കു
മ്പോൾ എല്ലാവരും മയക്കം പിടിച്ചു ഉറങ്ങി. 6അർദ്ധരാത്രിക്കോ മണവാളൻ
വരുന്നു; അവനെ എതിരേൽപാൻ പുറപ്പെടുവിൻ എന്നു ആർപ്പുവിളിയു
ണ്ടായി. 7അപ്പോൾ കന്യകമാർ എല്ലാവരും എഴുന്നേറ്റു വിളക്ക് തെളിയിച്ചു.
8എന്നാൽ ബുദ്ധിയില്ലാത്തവർ ബുദ്ധിയുള്ളവരോട്, ഞങ്ങളുടെ വിളക്ക്
കെട്ടുപോകുന്നതുകൊണ്ട്, നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്ക് തരു
വിൻ എന്ന് പറഞ്ഞു. 9ബുദ്ധിയുള്ളവർ ഞങ്ങൾക്കും നിങ്ങൾക്കും പോ
രാ എന്നു വരാതിരിപ്പാൻ നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി
വാങ്ങിക്കൊൾവിൻ എന്നു പറഞ്ഞു. 10അവർ വാങ്ങുവാൻ പോയപ്പോൾ,
മണവാളൻ വന്നു; ഒരുങ്ങിയിരുന്നവർ അവനോടുകൂടെ കല്യാണസദ്യക്ക്
ചെന്നു; വാതിൽ അടക്കുകയും ചെയ്തു. 11അതിന്റെ ശേഷം മറ്റെ കന്യക
മാരും വന്നു; കർത്താവേ, കർത്താവേ, ഞങ്ങൾക്ക് തുറക്കേണമേ എന്നു പ
റഞ്ഞു. 12അതിന്നു അവൻ ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായിട്ട്
നിങ്ങളോട് പറയുന്നു. 13ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്ക
കൊണ്ട് ഉണർന്നിരിപ്പിൻ."**

**വാക്യം 1.** അവന്റെ വരവ് എപ്പോൾ സംഭവിക്കുമെന്ന് ആർക്കും അറിയായ്കകൊണ്ട്, കർത്താവിന്റെ വരവിനായി ഒരുങ്ങുന്നതിനെ കുറിച്ചാണ് ആദ്യത്തെ മൂന്നു ഖണ്ഡികയിൽ ആദ്യത്തേത് പറയുന്നത്. **സ്വർഗരാജ്യം**

**താരതമ്യം** ചെയ്യാവുന്നതാണെന്നു പറഞ്ഞുകൊണ്ടാണ് ഉപമ ആരംഭിക്കുന്നത്. ഈ ഭാഷ ഉപയോഗിച്ചുകൊണ്ടാണ് യേശു പലപ്പോഴും രാജ്യത്തിന്റെ ഉപമ പരിചയപ്പെടുത്തുന്നത് (13:24, 31, 44, 45, 47; 18:23; 22:2).

ഇവിടെ മണവാളൻ വരുമ്പോൾ സ്വീകരിക്കേണ്ടതിന് പുറപ്പെട്ട **പത്തു കന്യകമാരോടാണ്** രാജ്യത്തെ ഉപമിച്ചിരിക്കുന്നത്. യെഹൂദ മതത്തിൽ "പത്ത്" എന്ന സംഖ്യക്ക് പ്രാധാന്യമുണ്ട്, ഇവിടെ ശരിയായി അതു യോജിക്കുന്നതു മാണ്. "കന്യകമാർ" എന്ന് ഇവിടെ ഉപയോഗിച്ച വാക്ക് (*പാർതെനോസ്*) തന്നെയാണ് മറിയ അത്ഭുതകരമായി ഗർഭം ധരിച്ച സംഭവം വിവരിക്കു മ്പോഴും ഉപയോഗിച്ചത് (1:23; ലൂക്കൊ. 1:27). ഈ ഉപമയിലെ കന്യകമാർ പ്ര തിനിധീകരിക്കുന്നത് യേശുവിന്റെ അനുയായികളെയാണ്. ഈ ഉപമയുടെ മുൻപിലുള്ളതിലും, ഇതിനു ശേഷമുള്ളതിലും സൂക്ഷിക്കുന്നതിനെ കുറിച്ചു പറഞ്ഞു പുരുഷന്മാരുടെ ഉദാഹരണങ്ങൾ പറയുന്നു (24:45–51; 25:14–30). ഇവിടെ, സ്ത്രീകളെ ഉപയോഗിച്ചാണ് തത്വം ചിത്രീകരിച്ചിരിക്കുന്നത്. സ്ത്രീ പുരുഷന്മാരുടെ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ് യേശുവിന്റെ പല ചിത്രീകരണങ്ങളും (6:26, 28; 11:17; 24:40, 41).

ഈ കന്യകമാർ ഒരുപക്ഷെ ആധുനിക കാലത്ത് പ്രദക്ഷിണത്തിന് ഉപ യോഗിക്കുന്ന "മണവാട്ടിസ്ത്രീകൾക്ക്" തുല്യമായിരുന്നേക്കാം. എങ്ങനെയാ യാലും, ലിയോൺ മോറിസ് പറഞ്ഞതുപോലെ, പുരാതന ലോകത്തെ യെഹൂദ വിവാഹാഘോഷത്തെ സംബന്ധിച്ച നമ്മുടെ അറിവ് അപൂർണ്ണമാണ്.[1] ഇവിടെ അവർ **മണവാളനെ കാണുവാൻ പുറപ്പെട്ടു** എന്നാണ് പറഞ്ഞിരിക്കുന്നത്,[2] എന്നാൽ അവർ കാത്തിരുന്ന സ്ഥലത്തെ പറ്റി പറഞ്ഞിട്ടില്ല. കന്യകമാർ കാത്തി രുന്നത് മണവാളന്റെ വീട്ടിലായിരുന്നു എന്നാണ് പറയപ്പെടുന്നത്. ഉദാഹരണ ത്തിന് അന്നത്തെ യെഹൂദ ആചാരത്തിലേക്ക് നാം പ്രവേശിക്കുകയാണെങ്കിൽ, ആ സമയത്ത് മണവാളൻ മണവാട്ടിയെ സ്വീകരിച്ചു കൊണ്ടുവരുവാനായി, അമ്മായി-യപ്പ-ന്റെ വീട്ടിലേക്ക് പോയിരിക്കുകയായിരുന്നേക്കാം. താൻ മണ വാട്ടിയേയും കൂട്ടിവരുമ്പോൾ, കന്യകമാർ വിളക്കെടുത്ത് സ്വീകരിപ്പാനായി വീട് വിട്ടേച്ചു പോയിരിക്കുകയാണ്. അവൻ വീട്ടിനുള്ളിലേക്ക് പ്രവേശിക്കു മ്പോൾ കന്യകമാർ അവനെ അനുഗമിക്കണമായിരുന്നു.[3]

കന്യകമാർ മണവാട്ടിയുടെ വീട്ടിലാണ് കാത്തിരിക്കുന്നതെന്നാണ് വേറെ ചിലർ കരുതുന്നത്. മണവാളൻ വന്ന് മണവാട്ടിയേയും കൂട്ടി മണവാളന്റെ വീട്ടിലേക്ക് വിരുന്നിനായി പോകുമ്പോൾ, പത്തു കന്യകമാർ ആ പ്രദക്ഷിണ ത്തിൽ പങ്കു ചേരണമായിരുന്നു.[4] അവ രണ്ടും സാധ്യതയുള്ളതായിരിക്കെ, ഉപമയുടെ അർത്ഥം മനസിലാക്കുവാൻ സ്ഥല നിർണ്ണയം നമുക്ക് ആവശ്യ മില്ല. മണവാളനെ ആദരിക്കുവാനായി, അവർ വിവാഹാഘോഷത്തിൽ പ ങ്കെടുക്കുവാൻ കാത്തിരുന്നു എന്നതാണ് പോയിന്റ്.

മണവാളൻ എന്ന ഭാവനക്ക് പഴയനിയമത്തിൽ വേരുള്ളതായി കാണാം. ദൈവം മണവാളനായും യിസ്രായേൽ മണവാട്ടിയുമായി വിവരിക്കുന്ന പല വേദഭാഗങ്ങളുമുണ്ട് (യെശ. 54:4–8; 62:4, 5; യെഹെ. 16:6–14; ഹോശെ. 2:19, 20). അതേപോലെ, പുതിയനിയമത്തിൽ, ക്രിസ്തു മണവാളനായും, സഭയെ മണവാട്ടിയായും വിവരിച്ചിരിക്കുന്നു (9:15; 22:2; യോഹ. 3:29; 2 കൊ. 11:2; എഫെ. 5:25–32; വെളി. 19:7, 8; 21:2). ഇവിടെ മണവാട്ടിയെ വിശദമാക്കിയിട്ടി ല്ലെങ്കിലും, മണവാളൻ എന്നു പറഞ്ഞിരിക്കുന്നത് ക്രിസ്തുവിനെയാണ് പ്ര തിനിധീകരിച്ചിരിക്കുന്നത്.

വിവാഹ വിരുന്ന് പ്രത്യേകതയുള്ളതും, അത് പലപ്പോഴും മണവാളന്റെ വീട്ടിൽ രാത്രിയിലായിരുന്നു നടത്തിയിരുന്നത് (25:6). സംഭവം അങ്ങനെയായിരിക്കെ, പ്രദക്ഷിണത്തിൽ ഈ കന്യകമാർ **വിളക്ക് കത്തിച്ച്** പിടിക്കണമായിരുന്നു. "വിളക്ക്" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ലാംപാസ്*) എന്നു പറയുന്നത് "പന്തങ്ങൾ" ആയിരിക്കാം (യോഹ. 18:3). വേറൊരു വാക്ക് (*ലുക്നോസ്*), സൂചിപ്പിക്കുന്നത്, എണ്ണ ഒഴിച്ചു കത്തിക്കുന്ന വീട്ടിൽ ഉപയോഗിച്ച ചെറിയ വിളക്കാണ് (5:15 ന്റെ പരാമർശം നോക്കുക). ആ അവസരത്തിൽ ഉപയോഗിച്ച "പന്തങ്ങൾ" നീളമുള്ള കോലിൽ തുണി ചുറ്റിയതാണ്; തുണി ഒലിവെണ്ണയിൽ മുക്കി മുറുക്കി ചുറ്റി കത്തിക്കുമ്പോൾ ഏറെ നേരം കത്തും. മറ്റൊരു സാധ്യത എന്തെന്നാൽ, "പന്തങ്ങൾ" പൊള്ളയായതും നീളമുള്ളതും എണ്ണ ഒഴിച്ചു കത്തിക്കാവുന്നതുമായ മുളങ്കമ്പിൽ ഉണ്ടാക്കിയതാകാം എന്നതാണ്. പുരാതന റബ്ബിമാരിൽ ഒരാളായിരുന്ന റബ്ബി സോളമന്റെ ഒരു പ്രസ്താവന ജോൺ ലൈറ്റ്ഫുട്ട് പറഞ്ഞിരിക്കുന്നു:

> മണവാട്ടിയെ കിടക്കയിലേക്ക് ആനയിക്കുന്നതിനു മുൻപ്, അവളുടെ അപ്പന്റെ വീട്ടിൽനിന്നു മണവാളന്റെ വീട്ടിലേക്ക് ചുമന്നുകൊണ്ടുപോകുന്ന സമ്പ്രദായമായിരുന്നു യിസ്രായേലിലെ നാട്ടിൻപുറങ്ങളിലുണ്ടായിരുന്നത്; അവൾക്ക് മുൻപായി പത്തു മരം കൊണ്ടുള്ള ഛിദ്രിച്ച ഭാഗങ്ങളുടെ മുകളിൽ ഓരോന്നിലും പാത്രം പോലെ ഘടിപ്പിച്ച് അതിൽ എണ്ണയും കീലും മുക്കിയ തുണികൾ കത്തിച്ച് അവൾക്ക് മുൻപായി പന്തങ്ങളായി പൊയ്ക്കൊണ്ടിരിക്കും.[5]

**വാക്യം 2.** ആ പത്തു കന്യകമാരിൽ **അഞ്ചുപേർ ബുദ്ധിയില്ലാത്തവരും അഞ്ചുപേർ ബുദ്ധിയുള്ളവരും** ആയിരുന്നു എന്നാണ് യേശു പറഞ്ഞത്. "ബുദ്ധിയില്ലാത്ത" എന്ന വാക്ക് (*മോറോസ്*), "വിവേകമുള്ള"/"ബുദ്ധിയുള്ള" (*ഫ്രോണിമോസ്*) എന്നീ വാക്കുകൾ "രണ്ടുതരം നിർമ്മാതാക്കളെ" പറയുന്നതിന് മത്തായിയിൽ ഉപയോഗിച്ചിരിക്കുന്നു (7:24, 26). ഈ സംഭവത്തിൽ പത്തു കന്യകമാർ മിശ്രസംഘമായിരുന്നു. പകുതി ശിഷ്യമാർ വിശ്വസ്തരും പകുതി വിശ്വസ്തതയില്ലാത്തവരുമായിരുന്നു. ആ സംഖ്യകൾ സംഭവത്തിന്റെ വെറും ഭാഗമായിരുന്നു; അതുവെച്ചുകൊണ്ട് ക്രിസ്തു വരുമ്പോൾ പകുതിപേർ വിശ്വസ്തരും പകുതിപേർ അവിശ്വസ്തരുമായിരിക്കും എന്നു കണക്ക് കൂട്ടരുത്.

**വാക്യം 3.** എന്തുകൊണ്ടാണ് അഞ്ചു കന്യകമാരെ **ബുദ്ധിയില്ലാത്തവർ** എന്നു വിളിച്ചത്? മണവാളൻ വരുവാൻ താമസിച്ചാലും അതിനാവശ്യമായ ഒരുക്കം നടത്താതെയാണ് അവർ വന്നത്. അവരുടെ പക്കൽ **വിളക്കുണ്ടായി**രുന്നു, പക്ഷെ വിളക്കിൽ ആവശ്യത്തിനു **എണ്ണ ഇല്ലായിരുന്നു.** യജമാനൻ നേരത്തെ വരുമെന്ന് പ്രതീക്ഷിക്കാതെ ഒരുങ്ങാതിരുന്ന ഒരു ദാസനെ കുറിച്ച് മുൻപ് ഒരു ഉപമയിൽ പറയുകയുണ്ടായി (24:48–50); എങ്ങനെയായാലും, ആ കന്യകമാർ താമസം എന്ന പ്രശ്നപരിഹാരത്തിനായി ഒരുങ്ങുന്നതിൽ പരാജയപ്പെട്ടിരുന്നു.[6]

**വാക്യം 4.** മറ്റു അഞ്ചുപേർ **വിവേകമുള്ളവർ** ("ബുദ്ധിയുള്ളവർ"; എൻ ഐവി) ആയിരുന്നു കാരണം അവർ **വിളക്കിൽ മാത്രമല്ല**, വേറെ **പാത്രത്തിലും എണ്ണ** കരുതിയിരുന്നു. സൗകര്യപ്രദമല്ലെങ്കിലും ആ യുവതികൾ ആവശ്യമായ കരുതലുകൾ സ്വീകരിച്ചിരുന്നു. തങ്ങളുടെ അനുഭവത്തിൽനി

ന്നും മണവാളൻ വരുന്നതിനു താമസം നേരിട്ടേക്കാമെന്ന് അവർ മനസിലാക്കിയിരുന്നു, അവസാനം അവൻ വരുന്നതുവരെ ഒരുക്കത്തോടെ കാത്തിരിക്കുവാൻ അവർ ആഗ്രഹിച്ചിരുന്നു. വിളക്കിൽ മതിയായ എണ്ണ എന്നു പറഞ്ഞിരിക്കുന്നത്, യേശുവിന്റെ കൽപനകൾ പ്രമാണിച്ച് ആവശ്യമായ സൽപ്രവൃത്തികൾ ചെയ്യുന്നതിനെയാണ് (5:14–16).[7]

**വാക്യം 5.** പത്തു കന്യകമാർ കാത്തിരുന്നപ്പോൾ, **മണവാളൻ വരുവാൻ താമസിച്ചു.** ആ വിശദാംശത്തിൽ അതിശയിക്കുവാനില്ല, കാരണം അന്നത്തെ ആചാരം അനുസരിച്ച്, മണവാളൻ എത്തിച്ചേരുന്നത് രഹസ്യമായിട്ടായിരുന്നു. ഇവിടെ താമസംകൊണ്ട് ഉദ്ദേശിക്കുന്നത് ക്രിസ്തുവിന്റെ മടങ്ങി വരവിനുള്ള കാലതാമസത്തെയാണ് (25:19 നോക്കുക). യേശു ഉടനെ മടങ്ങി വരുവാനായി പ്രാരംഭ ക്രിസ്ത്യാനികൾ ആഗ്രഹിച്ചിരുന്നു. മത്തായി തന്റെ സുവിശേഷം എഴുതിയ സമയത്ത് അന്നത്തെ വായനക്കാർക്ക് ഈ വിഷയം വളരെ അങ്കലാപ്പ് ഉണ്ടാക്കിയിരുന്നു, 50കളിലും 60കളിലും ഒരുപക്ഷെ സ്ഥിതി അതായിരിക്കുവാനാണ് സാധ്യത. 60കളുടെ മദ്ധ്യേ എഴുതിയ പത്രൊസ് പരിഹാസികളുടെ അന്നത്തെ ചോദ്യം എഴുതിയിരുന്നു, "അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ?" (2 പത്രൊ. 3:4).

സമയം പതുക്കെ കടന്നുപോയി, ആ യുവതികൾ **മയക്കം പിടിച്ചു ഉറങ്ങിപ്പോയി.** സമയം താമസിച്ചുപോയതിനാൽ, ആ പത്തു കന്യകമാരും ക്ഷീണിച്ച് ഉറങ്ങിപ്പോയതു നമുക്ക് മനസിലാക്കാവുന്നതേയുള്ളു. യേശു അവരെ ഉറങ്ങിയതിനു കുറ്റപ്പെടുത്തിയില്ല. ഈ കാര്യത്തിൽ ബുദ്ധിയുള്ളവരും ബുദ്ധിയില്ലാത്തവരും ഒരുപോലെയായിരുന്നു. എങ്ങനെയായാലും, മറ്റു വേദഭാഗങ്ങളിൽ ഉറക്കത്തെ നിഷേധഭാവത്തിലാണ് പറഞ്ഞിരിക്കുന്നത് (26:38–46; മർ. 13:35, 36; എഫെ. 5:14; 1 തെസ്സ. 5:6).

**വാക്യം 6. അർദ്ധരാത്രിയിൽ** ആർപ്പുവിളിയുണ്ടായി, ഒരുപക്ഷെ ഉച്ചത്തിലുള്ള നിലവിളി ആയിരിക്കാം (22:3 ന്റെ പരാമർശം നോക്കുക). അവസാനം **മണവാളൻ വരുന്നു** എന്ന അറിയിപ്പ് വന്നു, **മണവാളനെ എതിരേൽപാൻ** പുറപ്പെടുന്നതിനു പത്തു കന്യകമാരെയും വിളിച്ചു.

**വാക്യം 7.** സ്വാഗതം ചെയ്യുവാനുള്ള അറിയിപ്പുണ്ടായപ്പോൾ, പത്തു **കന്യകമാരെല്ലാവരും എഴുന്നേറ്റു തങ്ങളുടെ വിളക്ക് കത്തിക്കുവാൻ** തുടങ്ങി. "തെളിയിക്കുക" (*കോസ്മെയോ*) എന്നത് സാധാരണ അർത്ഥമാക്കുന്നത്, "ക്രമത്തിലാക്കുക" എന്നാണ്. ആ "വിളക്കുകൾ" കോലിൽ തുണി ചുറ്റിയ പന്തങ്ങൾ ആയിരുന്നുവെങ്കിൽ, കത്തി തീർന്ന അറ്റം മുറിച്ചു കളഞ്ഞ് എണ്ണയിൽ മുക്കണമായിരുന്നു, എങ്കിൽ മാത്രമെ നന്നായി കത്തുകയുള്ളു.

**വാക്യങ്ങൾ 8, 9. ബുദ്ധിയില്ലാത്ത** കന്യകമാർ തങ്ങളുടെ **വിളക്കുകൾ** തെളിയിച്ചപ്പോൾ, അവരുടെ വിളക്ക് **കെട്ടുപോകുകയായിരുന്നു.** പഴയനിയമത്തിൽ വിളക്ക് കെട്ടുപോകുന്നത് ദുഷ്ടതയെയാണ് സൂചിപ്പിച്ചിരുന്നത് (ഇയ്യോ. 18:5; സദൃശ. 13:9). മണവാളന്റെ വരവ് താമസിച്ചതിന് തങ്ങളല്ല കാരണക്കാർ എന്നാണ് അവർ വിചാരിച്ചത്. എന്നാൽ അവരുടെ പ്രശ്നപരിഹാരത്തിന് തങ്ങളുടെ കൂടെയുണ്ടായിരുന്നവരോട് **എണ്ണ** ആവശ്യപ്പെട്ടു.

**വിവേകമുള്ള** കന്യകമാർ, എല്ലാവർക്കും ആവശ്യമുള്ള എണ്ണ **തങ്ങളുടെ കയ്യിലില്ല** എന്നു പറഞ്ഞ് ആ ആവശ്യം തള്ളിക്കളഞ്ഞു. എല്ലാ വിളക്കും കെട്ടുപോകുവാനുള്ള സാഹസം എടുക്കുവാൻ അവർ തയ്യാറായിരുന്നില്ല. അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ, പ്രദക്ഷിണം തന്നെ മോശമാകുമായിരുന്നു.[8]

**വിൽക്കുന്നവരോട് പോയി** എണ്ണ **വാങ്ങിക്കൊൾവാനാ**യിരുന്നു അവർ ബുദ്ധിയില്ലാത്തർക്ക് നൽകിയ നിർദ്ദേശം. കടകൾ അർദ്ധരാത്രിയിൽ സാധാരണ തുറക്കാറില്ല, പക്ഷെ ആഘോഷ സമയങ്ങളിൽ തുറന്നിരിക്കുവാനും സാധ്യതയുണ്ട്. "വിവാഹം ആഘോഷിക്കുന്ന ഒരു ഗ്രാമത്തിൽ, അർദ്ധരാത്രിയിലും അത്യാവശ്യസാധനങ്ങൾ ഏതെങ്കിലും കടയിൽനിന്നും എടുപ്പിക്കുക പ്രയാസമുള്ള കാര്യമല്ല"[9] എന്നാണ് ഡൊണാൾഡ് ഏ. ഹാഗ്നെർ പറഞ്ഞത്. ബുദ്ധിയില്ലാത്തവർ അവരുടെ കുറവ് നികത്തുവാൻ അവർ തന്നെ പോകുന്നത് വ്യക്തമാക്കുന്നത് സൽപ്രവൃത്തികൾ കൈമാറുവാൻ സാധ്യമല്ല എന്നാണ്. ക്രിസ്തു മടങ്ങി വരുമ്പോൾ, ഓരോ വ്യക്തിയും താന്താന്റെ പ്രവൃത്തിക്ക് കണക്കു കൊടുക്കണം (2 കൊ. 5:10).

**വാക്യം 10.** കത്തുന്ന വിളക്കുമായി മണവാളനെ സ്വീകരിക്കുന്നതിനു പകരം, ബുദ്ധിയില്ലാത്ത അഞ്ചു കന്യകമാർ എണ്ണ **വാങ്ങുവാൻ** കടയിലേക്കായിരുന്നു പോയത്. അവർ പുറപ്പെട്ടുപോയപ്പോൾ, **മണവാളൻ വന്നു**. ബുദ്ധിയുള്ള അഞ്ചുകന്യകമാർ മണവാളൻ വന്നപ്പോൾ, അവരുടെ വിളക്ക് തെളിയിച്ചു. അവർ മണവാളനോടുകൂടെ മണിയറയിലേക്ക് പ്രവേശിച്ചു. അവർ വിരുന്നുശാലയിലേക്ക് പ്രവേശിച്ചയുടനെ **വിരുന്നുശാലയുടെ വാതിൽ അടച്ചു. വാതിലടക്കുന്നത്** അവസരം തീർന്നുപോയി എന്നാണ് സൂചിപ്പിക്കുന്നത്. (ഉല്. 7:16; യെശ. 22:22; ലൂക്കൊ. 13:25; വെളി. 3:7).

**വാക്യം 11. ബുദ്ധിയില്ലാത്ത** കന്യകമാർ മടങ്ങി വന്നപ്പോൾ മണവറയുടെ വാതിൽ അടച്ചിരിക്കുന്നതാണ് കണ്ടത്. തങ്ങളെ അകത്തു പ്രവേശിപ്പാൻ അവർ മണവാളനോട് യാചിച്ചു. അവർ പറഞ്ഞു, **"കർത്താവേ, കർത്താവേ ഞങ്ങൾക്ക് തുറക്കേണമേ."** അത് "ബുദ്ധിയുള്ളവരും" "ബുദ്ധിയില്ലാത്തവരും" ആയ നിർമ്മാതാക്കളെ യേശു ഓർമ്മിപ്പിക്കുന്നതു പോലെയാണ് (7:24, 26), ഈ അദ്ധ്യായത്തിൽ, യേശുവിന്റെ മുന്നറിയിപ്പ് ഓർമ്മിപ്പിക്കുന്നതാണ് "കർത്താവേ, കർത്താവേ" എന്നത്. അവൻ പറഞ്ഞു, " 'കർത്താവേ, കർത്താവേ' എന്നു വിളിക്കുന്ന ഏവനുമല്ല, സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗത്തിൽ പ്രവേശിക്കുന്നത്" (7:21).

**വാക്യം 12.** സന്തോഷകരമായ ആഘോഷത്തിൽ പ്രവേശിക്കുവാനുള്ള ബുദ്ധിയില്ലാത്ത കന്യകമാരുടെ യാചന നിഷ്ഫലമായി. മണവാളൻ അവരെ പ്രവേശിക്കുവാൻ അനുവദിക്കാതെ പറഞ്ഞു, **"ഞാൻ നിങ്ങളെ അറിയുന്നില്ല"** (7:23 ന്റെ പരാമർശം നോക്കുക). ആ പ്രഖ്യാപനത്തെ ഇങ്ങനെ സമാന്തരപ്രയോഗം നടത്താം, "എനിക്ക് നിങ്ങളോട് ഒരു കാര്യവുമില്ല."[10] പഴയനിയമത്തിൽ പറഞ്ഞിരിക്കുന്നത് ദൈവം തിരഞ്ഞെടുത്ത തന്റെ ജനത്തെ അവൻ "അറിയുന്നു" എന്നാണ് (യിരെ. 1:5; ഹോശെ. 13:5; ആമോ. 3:2; കെജെവി). പുതിയ നിയമത്തിൽ ക്രിസ്തു മുഖാന്തരം രക്ഷിക്കപ്പെട്ട് ദൈവവുമായുള്ള ബന്ധത്തിലായവരെ "അറിയപ്പെടുന്നതായി" ആവർത്തിച്ച് പറഞ്ഞിരിക്കുന്നു (ഗലാ. 4:8, 9; 2 തിമൊ. 2:19).[11]

തങ്ങളുടെ ഒരുക്കം നഷ്ടപ്പെട്ട് പ്രവേശിക്കുവാൻ കഴിയാതിരുന്ന ആ കന്യകമാർ വാതിൽക്കൽ നിന്നു തിരിച്ചുപോയപ്പോഴുണ്ടായ നിരാശ നമുക്ക് ഊഹിക്കാവുന്നതേയുള്ളു. അവർ ഒരുപക്ഷെ ധാരാളം സമയം ചെലവിട്ട് വസ്ത്രധാരണം ചെയത്, മണവാളനെ എതിരേൽക്കുവാനായി ധാരാളം സമയം ചെവിടുകയും ചെയ്തു. ആ ആഘോഷത്തിൽ അവരുടെ ചുമതല നിർവ്വഹിക്കുവാനായി സമയമെടുത്തു പരിശീലനവും നടത്തിയിരിക്കാം. അവർ

വിളക്കും കുറെ എണ്ണയും കൊണ്ടുവന്നിരുന്നു - പക്ഷെ മണവാളൻ വരുന്ന തുവരെ ഉപയോഗിക്കുവാനുള്ള എണ്ണ ഉണ്ടായിരുന്നില്ല.

**വാക്യം 13.** യേശു ഉപമ അവസാനിപ്പിച്ചു പറഞ്ഞു, "**ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ**" ഒരിക്കൽ കൂടെ, കർത്താവിന്റെ മടങ്ങിവരവിനായി എപ്പോഴും ഒരുങ്ങിയിരിപ്പാൻ തന്റെ ജന ത്തോട് മുന്നറിയിക്കുന്നു (24:36, 42, 44, 50). നാം അവന്റെ മടങ്ങിവരവ് നീട്ടി വെക്കുവാൻ ശ്രമിക്കരുത്. അവൻ ഏതു സമയത്തും വരുമെന്നുള്ളതുകൊണ്ട്, നാം ബുദ്ധിയുള്ളവരായി ഏതുസമയത്തും വേണ്ടതായ മുന്നൊരുക്കത്തോടെ കാത്തിരിക്കണം. അവൻ മടങ്ങി വരുമ്പോൾ, ബുദ്ധിയില്ലാത്ത കന്യകമാരെ പോലെ ഒരുങ്ങാതെയിരിപ്പാൻ, ആരാണ് ആഗ്രഹിക്കുക?

## താലന്തുകളുടെ ഉപമ
## (25:14-30)

**14"ഒരു മനുഷ്യൻ പരദേശത്ത് പോകുമ്പോൾ ദാസന്മാരെ വിളിച്ച് തന്റെ സമ്പത്ത് അവരെ ഏൽപിച്ചു. 15ഒരുവന്നു അഞ്ചു താലന്ത്, ഒരുവന്നു രണ്ട്, ഒരുവന് ഒന്ന് ഇങ്ങനെ ഓരോരുത്തന്നു അവനവന്റെ പ്രാപ്തി പോലെ കൊടുത്തു യാത്ര പുറപ്പെട്ടു. 16അഞ്ചു താലന്തു ലഭിച്ചവൻ ഉടനെ ചെന്നു വ്യാപാരം ചെയ്തു വേറെ അഞ്ചു താലന്തു സമ്പാദിച്ചു. 17അങ്ങനെ തന്നെ രണ്ടു താലന്തു ലഭിച്ചവൻ വേറെ രണ്ട് നേടി. 18ഒന്നു ലഭിച്ചവനോ പോയി നി ലത്തു ഒരു കുഴി കുഴിച്ചു യജമാനന്റെ ദ്രവ്യം മറച്ചു വെച്ചു."**

**19"വളരെ കാലം കഴിഞ്ഞശേഷം ആ ദാസന്മാരുടെ യജമാനൻ വന്നു അവരുമായി കണക്കു തീർത്തു. 20അഞ്ചു താലന്തു ലഭിച്ചവൻ അടുക്കെ വന്നു വേറെ അഞ്ചുകൂടെ കൊണ്ടുവന്നു. 'യജമാനനേ, അഞ്ചു താലന്തല്ലൊ എന്നെ ഏൽപിച്ചത്; ഞാൻ അഞ്ചുകൂടെ നേടിയിരിക്കുന്നു' എന്നു പറഞ്ഞു. 21അതിന്നു യജമാനൻ, 'നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അൽപത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിന്നു വിചാ രകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക' എന്ന് അവനോട് പറഞ്ഞു."**

**22"രണ്ടു താലന്തു ലഭിച്ചവനും അടുക്കെ വന്നു; 'യജമാനനേ, രണ്ടു താല ന്തല്ലൊ എന്നെ ഏൽപിച്ചത്; ഞാൻ രണ്ടു താലന്തുകൂടെ നേടിയിരിക്കുന്നു' എന്നു പറഞ്ഞു. 23അതിന്നു യജമാനൻ, 'നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അൽപത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധിക ത്തിന്നു വിചാരകനാക്കും' എന്ന് അവനോട് പറഞ്ഞു."**

**24"ഒരു താലന്തു ലഭിച്ചവനും അടുക്കെ വന്നു; 'യജമാനനേ, നീ വിതെ ക്കാത്തേടത്തുനിന്നു കൊയ്യുകയും വിതറാത്തേടത്തുനിന്നു ചേർക്കുകയും ചെയ്യുന്ന കഠിനമനുഷ്യൻ എന്നു ഞാൻ അറിഞ്ഞു ഭയപ്പെട്ടു, 25ചെന്നു നിന്റെ താലന്തു മറെച്ചുവെച്ചു; നിന്റേത് ഇതാ എടുത്തുകൊൾക' എന്നു പറഞ്ഞു."**

**26"അതിന്നു യജമാനൻ ഉത്തരം പറഞ്ഞത്, 'ദുഷ്ടനും മടിയനും ആയ ദാസനേ, ഞാൻ വിതെക്കാത്തേടത്തുനിന്നു കൊയ്യുകയും വിതെറാത്തേട ത്തുനിന്നു ചേർക്കുകയും ചെയ്യുന്നവൻ എന്നു നീ അറിഞ്ഞുവല്ലൊ. 27നീ എന്റെ ദ്രവ്യം പൊൻവാണിഭക്കാരെ ഏൽപിക്കേണ്ടിയിരുന്നു. എന്നാൽ ഞാൻ വന്നു എന്റേതു പലിശയോടുകൂടെ വാങ്ങിക്കൊള്ളുമായിരുന്നു. 28ആ**

**താലന്ത് അവന്റെ പക്കൽനിന്നെടുത്ത് പത്ത് താലന്തുള്ളവന്നു കൊടുപ്പിൻ.' "**
**[29]"അങ്ങനെ ഉള്ളവന്ന് ഏവനും ലഭിക്കും; അവന്നു സമൃദ്ധിയും ഉണ്ടാകും; ഇല്ലാത്തവനോടോ, ഉള്ളതും കൂടെ എടുത്തുകളയും. [30]എന്നാൽ കൊള്ളരുതാത്ത ദാസനെ, ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളവിൻ; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും."**

യേശുവിന്റെ അനുയായികൾ ഉത്തരവാദിത്തമുള്ള കാര്യവിചാരകന്മാരാണെന്നാണ് താലന്തുകളുടെ ഉപമ ഊന്നി പറയുന്നത്. യജമാനന്റെ രാജ്യ വ്യാപ്തിക്കാണ് ദൈവം ഓരോരുത്തർക്കും വരം അല്ലെങ്കിൽ താലന്ത് നൽകിയിരിക്കുന്നത്. അത്തരം വിഭവങ്ങൾ എങ്ങനെ ഉപയോഗിച്ചു എന്ന് ഓരോരുത്തരും ക്രിസ്തു മടങ്ങി വരുമ്പോൾ കണക്ക് കൊടുക്കണം. ലഭിച്ച താലന്തു തനിക്കു പ്രയോജനപ്പെടുത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തവനെ വിശ്വസ്തൻ എന്നു വിധിക്കും. അതിനു വിരുദ്ധമായി, താലന്തുകൾ കുഴിച്ചിടുന്നവരെ കുറ്റം വിധിക്കുകയും ചെയ്യും.

അതേ ഉപമ ലൂക്കൊസ് 19:11–27-ൽ കാണാം. പത്തു വെള്ളിയുടെ ഉപമയിൽ, ഒരു മനുഷ്യൻ തന്റെ സ്വത്തിൽ കുറെ ദാസന്മാരെ ഏൽപിച്ചിട്ട് ദൂരദേശത്തേക്ക് പോയി. അയാൾ മടങ്ങി വന്നപ്പോൾ കണക്ക് ഏൽപിക്കുവാനായി ദാസന്മാരോട് ആവശ്യപ്പെട്ടു. അവിടെ മൂന്നു ദാസന്മാരെയാണ് പറയുന്നത്. ആദ്യത്തെ രണ്ടുപേർ വിശ്വസ്തമായി പ്രവർത്തിച്ചു, എന്നാൽ മൂന്നാമത്തെയാൾ അങ്ങനെ പ്രവർത്തിച്ചില്ല. തൽഫലമായി അവന്റെ കൈവശം കൊടുത്തിരുന്നത് തിരിച്ച് വാങ്ങി പ്രയോജനപ്പെടുത്തിയവർക്ക് നൽകി.

ആ രണ്ടു ഉപമകളിലും പല വ്യത്യാസങ്ങൾ നിലവിലുണ്ട്. കുലീനനായോരു മനുഷ്യൻ രാജത്വം പ്രാപിച്ചു മടങ്ങിവരുവാൻ ദൂരദേശത്തേക്ക് പോകുമ്പോൾ, *മൂന്നു* ദാസന്മാർക്ക് പകരം *പത്തു* ദാസന്മാരെ വിളിച്ചു പത്തുറാത്തൽ വെള്ളി കൊടുത്തു വ്യാപാരം ചെയ്തുകൊൾവിൻ എന്ന് അവരോട് പറഞ്ഞു. ഇവിടെ അവർക്ക് വിവിധ രീതിയിൽ കൊടുത്തു എന്നു പറയാതെ *ഒരേ രീതിയിൽ ഒരേ* സംഖ്യ *കൊടുത്തു* എന്നു വേണം കരുതുവാൻ. ഇവിടെ *താലന്ത്* എന്നു പറയാതെ വെള്ളി എന്നാണ് പറഞ്ഞിരിക്കുന്നത്. അവിശ്വസ്ത ദാസൻ വെള്ളി കുഴിച്ചിടുന്നതിനു പകരം *റുമാലിൽ* കെട്ടി വെക്കുകയായിരുന്നു.

**വാക്യം 14.** "സ്വർഗ രാജ്യം പത്തു കന്യകമാരോട് സദൃശമെന്ന് പറഞ്ഞുകൊണ്ടാണ്" പത്തു കന്യകമാരുടെ ഉപമ ആരംഭിച്ചത് (25:1). ആ പ്രയോഗം ഈ ഉപമയിൽ ചുരുക്കി **അത് ഇതുപോലെയാണ്** എന്നു മാത്രം പറഞ്ഞിരിക്കുന്നു. ചില തർജിമകളിൽ അതു വ്യക്തമാക്കുവാനായി "അത്" എന്നതിനു പകരം "സ്വർഗരാജ്യം" എന്നു ചേർത്തിരിക്കുന്നു (കെജെവി; എൻകെജെവി; ടിഇഎവി' എൻസിവി; എൻഎൽടി). "അതു ഇതുപോലെ" എന്ന പ്രയോഗം ഒരുപക്ഷെ വാക്യം 13-ൽ പറഞ്ഞിരിക്കുന്ന ഉണർന്നിരിപ്പിൻ എന്ന കടമയുമാകാം.[12]

ഈ ഉപമയിൽ സമ്പത്തുള്ള വീട്ടുടയവൻ ദൂരദേശത്തേക്ക് **യാത്ര പുറപ്പെടുകയാണ്.** ഒരാൾ തന്റെ വീട്ടിലുള്ളവരെയെല്ലാം വിട്ട് ദൂരദേശത്തേക്കു പോകുന്ന ആശയമാണ് ഗ്രീക്ക് ക്രിയ (*അപോഡെമേയോ*) അർത്ഥമാക്കുന്നത് (21:33; മർ. 12:1; ലൂക്കൊ. 15:13; 20:9). അയാൾ വളരെ നാളത്തേക്കാണ് യാത്ര പോകുന്നതെന്നാണ് വ്യക്തമാകുന്ന സൂചന (25:19). യാത്ര പുറപ്പെടുന്നതിനു മുൻപ് അയാൾ **തന്റെ സമ്പാദ്യത്തിന്റെ** ഒരു ഭാഗം തന്റെ **ദാസന്മാരെ** ഏൽപി

പ്പാൻ അവൻ തീരുമാനിച്ചു, അതു ബുദ്ധിയോടെയും വിശ്വസ്തതയോടെയും ഉപയോഗിപ്പാനായിരുന്നു അവൻ നിർദ്ദേശം കൊടുത്തത്. പുരാതന ലോകത്ത് ചില ദാസന്മാരെ വലിയ ഉത്തരവാദിത്തങ്ങൾ ഏൽപിക്കുമായിരുന്നു (18:23–27; 21:34; 24:45–47).

**വാക്യം 15.** തന്റെ പണം വീട്ടുടയവൻ ദാസന്മാരായ ഓരോരുത്തർക്കും **അവനവന്റെ പ്രാപ്തി പോലെ** വീതിച്ചു കൊടുക്കുകയായിരുന്നു. "**ഒരാൾക്ക് അഞ്ച്, ഒരാൾക്ക് രണ്ട്, ഒരാൾക്ക് ഒന്ന്.**'' തൂക്കത്തിൽ വലിപ്പമുള്ള ഒന്നായിരുന്നു "താലന്ത്," ഏകദേശം എഴുപത്തി-യഞ്ചു പൗണ്ട് തൂക്കം വരും (18:24 ന്റെ പരാമർശം നോക്കുക). ഓരോന്നിനും വ്യത്യസ്തമായ വിലയുള്ള പൊന്ന്, വെള്ളി, ചെമ്പ് എന്നിവ തൂക്കുവാൻ അത് ഉപയോഗിച്ചിരുന്നു. ഈ സംഭവത്തിൽ ഉപയോഗിച്ചിരിക്കുന്നത് വെള്ളിയായിരിക്കും. അതിന്റെ ഗ്രീക്ക് വാക്ക് (*ആർഗൂരിയോൻ*), എന്നത് "വെള്ളി" "പണം" എന്നിങ്ങനെയും തർജിമ ചെയ്യാം, വാക്യം 18 ലും 27 ലും അത് കാണാം.

താലന്തിന് 6,000 ദിനാർ മൂല്യമുണ്ടായിരുന്നു,[13] ഒരു ദിനാർ എന്നത് ഒരാളുടെ ഒരു ദിവസത്തെ വേതനമായിരുന്നു (20:2). "അതുകൊണ്ട്, ഒരു താലന്ത് എന്നു പറയുന്നത് ഒരാളുടെ ഏകദേശം ഇരുപത്തി-യഞ്ചു വർഷത്തെ വരുമാനവും, രണ്ട് താലന്ത് നാൽപതു വർഷത്തെ വരുമാനവുമാണ് ഉദ്ദേശ മൂല്യം. അഞ്ചു താലന്ത് എന്നു പറയുന്നത് ഒരാളുടെ നൂറുവർഷത്തെ വരുമാനമാണ്" (ജെഎൻടി). "താലന്ത്" ആധുനിക രീതിയിൽ തർജിമ ചെയ്യുക പ്രയാസമാണ്, എങ്കിലും, ആ വീട്ടുടയവൻ നിക്ഷേപിക്കത്തക്ക ധനമുള്ള മനുഷ്യൻ തന്നെയായിരുന്നു എന്നു പറയാം. ഓരോ ദാസനും കാര്യമായ രീതിയിൽ തന്നെ ലഭിച്ചു; ആർക്കും ലഭിച്ചതു നിസാരമായിരുന്നില്ല. ഡഗ്ലസ് ആർ. ഏ. ഹെയർ പറഞ്ഞു, "നമ്മുടെ കരുതലിന് നമ്മിൽ ദൈവം ഏൽപിക്കുന്ന വരങ്ങളുടെ വിലയുടെ പ്രാധാന്യത്തെയാണ് ആ ഓരോ സംഖ്യയും വെളിപ്പെടുത്തുന്നത്."[14]

യജമാനൻ യാത്ര പുറപ്പെടുമ്പോൾ ദാസന്മാർക്ക് കൊടുത്ത നിർദ്ദേശങ്ങളെ കുറിച്ച് വിവരിക്കുന്നില്ലെങ്കിലും, തിർച്ചയായും **പോകുന്നതിനു മുമ്പ്** കൊടുത്തിരിക്കുമെന്ന് നമുക്ക് ഊഹിക്കാവുന്നതാണ്. പത്തു വെള്ളിയുടെ ഉപമയിൽ യജമാനൻ ദാസന്മാരോട് പറഞ്ഞു, "ഞാൻ വരുന്നതുവരെ ഇതു കൊണ്ട് വ്യാപാരം ചെയ്തുകൊൾവിൻ" (ലൂക്കൊ. 19:13).

**വാക്യം 16.** ഈ വാക്യത്തിലെ ആദ്യവാക്ക് ഉടനെ എന്നത് **അഞ്ചുതാലന്തു** ലഭിച്ച മനുഷ്യൻ സ്വയ-നിർണ്ണയമുള്ള നേട്ടക്കാരനായിരുന്നു എന്നു നമുക്ക് മനസിലാക്കാം.[15] **വ്യാപാരം** എന്ന വാക്ക് (*എർഗസോമായി*) ദീർഘകാലത്തേക്കുള്ള വ്യാപാരത്തെയാണ് പറയുന്നത്. ആ ദാസൻ ആ തുക നിക്ഷേപിച്ചശേഷം വെറുതെ ഇരിക്കുകയായിരുന്നില്ല; തന്റെ യജമാനൻ മടങ്ങി വരുന്നതുവരെ അത് വർദ്ധിപ്പിക്കുവാനായി വേണ്ടതെല്ലാം ചെയ്തു. യജമാനനു തന്നിലുള്ള വിശ്വാസം അവൻ നഷ്ടപ്പെടുത്തിയില്ല.

**വാക്യം 17. അതുപോലെ** എന്നതു സൂചിപ്പിക്കുന്നത്, രണ്ടു താലന്തു ലഭിച്ച ദാസനും "ഉടനെ" തന്റെ **രണ്ട് താലന്ത്** എടുത്ത് അവൻ വ്യാപാരം ചെയ്തു എന്നാണ്. അതിന്റെ ഫലമായി, അവന്നു **രണ്ട് കൂടെ ലഭിച്ചു.** ആദ്യ രണ്ട് ദാസന്മാരും, വ്യത്യസ്തമായ സംഖ്യയാണ് ലഭിച്ചെങ്കിലും അവർ ആദ്യം ഉണ്ടായിരുന്നത് ഇരട്ടിയാക്കി.

**വാക്യം 18. ഒരു താലന്ത്** ലഭിച്ചവൻ, അത് വ്യാപാരം ചെയ്യുന്നതിനുപകരം, **മണ്ണിൽ ഒരു കുഴി കുഴിച്ച് അതിലിട്ടു**വെച്ചു. മറ്റു രണ്ട് ദാസന്മാർക്ക്

ലഭിച്ച തുക ഇരട്ടിയാക്കുവാനുള്ള അവസരം ഈ ദാസനും ലഭിച്ചിരുന്നു. ആ ദാസൻ അതു വെച്ചു ചീട്ടുകളിച്ചില്ല, അശ്രദ്ധയോടെ **യജമാനന്റെ പണം** അവൻ നഷ്ടപ്പെടുത്തി കളഞ്ഞില്ല; അവൻ അതുകൊണ്ട് ക്രിയാത്മകമായി ഒന്നും ചെയ്തില്ല.

പണം **കുഴിച്ചിട്ട** ദാസൻ അത് സംരക്ഷിക്കുകയായിരുന്നു. താൽമൂദ് പറയുന്നു, "മണ്ണിൽ മറച്ചിട്ടാൽ മാത്രമെ പണം സൂക്ഷിക്കുവാൻ കഴിയൂ."[16] നമുക്ക് ഇന്നുള്ളതുപോലെ ലോക്കറും മറ്റും പുരാതന കാലത്തെ ആളുകൾക്കുണ്ടായിരുന്നില്ല. അതുകൊണ്ട്, തങ്ങളുടെ പണവും മറ്റു സമ്പാദ്യങ്ങളും പലപ്പോഴും മണ്ണിൽ കുഴിച്ചിട്ടാണ് കള്ളന്മാരിൽനിന്നും സൂക്ഷിച്ചിരുന്നത് (6:20; 13:44; 24:43 ന്റെ പരാമർശം നോക്കുക).

**വാക്യം 19.** ഈ ഉപമയോടുകൂടി തന്റെ വരവ് ഉടനെയായിരിക്കുകയില്ല, പിന്നെയോ **ദീർഘകാലം കഴിഞ്ഞശേഷം** ആയിരിക്കുമെന്നാണ് യേശു പറഞ്ഞത് (25:5 നോക്കുക). ആ ദാസന്മാരുടെ **യജമാനൻ മടങ്ങി വന്നപ്പോൾ,** അവൻ അവരുമായി **കണക്ക് തീർത്തു** (18:23 നോക്കുക).

**വാക്യങ്ങൾ 20, 21.** ആദ്യത്തെ ദാസൻ യജമാനൻ പ്രതീക്ഷിച്ചതുപോലെ തന്നെ ചെയ്തു. അവൻ തന്റെ **അഞ്ചു താലന്ത്** പ്രാവർത്തികമാക്കിയതുകൊണ്ട്, അത് വളരുവാൻ തുടങ്ങി, യജമാനൻ മടങ്ങി വന്നപ്പോൾ **അഞ്ചിനു** പകരം പത്ത് തിരിച്ചു നൽകുവാൻ കഴിഞ്ഞു. നോക്കുക, ആ ദാസന്റെ പ്രവൃത്തിയിൽ **യജമാനൻ** പ്രസാദിക്കുകയും അവനെ അഭിനന്ദിക്കുകയും ചെയ്തു പറഞ്ഞു, "നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ." നേട്ടത്തേക്കാൾ അവന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്നതായിരുന്നു "നന്ന്" "വിശ്വസ്തൻ" എന്നത്. തന്നിൽ ഭരമേൽപിച്ച ജോലി ആ ദാസൻ നന്നായിട്ടും വിശ്വസ്തതയോടും കൂടെ ചെയ്തു.

ആ ദാസന്റെ വിശ്വസ്തസേവനം അവന്നു കൂടുതൽ ഉത്തരവാദിത്വം പ്രതിഫലമായി ലഭിക്കുമാറാക്കി (24:45-47; ലൂക്കൊ. 16:10 നോക്കുക). യജമാനൻ പറഞ്ഞു, **"നീ അൽപത്തിൽ വിശ്വസ്തനായിരുന്നു; നിന്നെ ഞാൻ അധികത്തിന്നു വിചാരകനാക്കും; യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക."** യജമാനൻ വലിയ ധനവാനായിരുന്നതുകൊണ്ട്, അഞ്ചു താലന്ത് അവന് "അൽപമായിരുന്നു." യേശുവും ശിഷ്യന്മാരുമായുള്ള കൂട്ടായ്മയിലേക്ക് വിശ്വസ്ത ശിഷ്യന്മാർ ചേരുന്നതിനെയാണ് യജമാന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക എന്നതുകൊണ്ടുദ്ദേശിക്കുന്നത് (റോമർ. 8:17; 2 തിമൊ. 2:11-13).

**വാക്യങ്ങൾ 22, 23. യജമാന്റെ** അടുക്കൽ വരുവാനായി അടുത്തതായി ലൈനിൽ നിൽക്കുന്നത് **രണ്ട് താലന്ത്** ലഭിച്ച **ദാസനായിരുന്നു.** താൻ രണ്ട് താലന്തുകൂടെ നേടി ഇപ്പോൾ നാല് താലന്തായിരിക്കുന്നു എന്നാണ് അവൻ പറഞ്ഞത്. അഞ്ചു-താലന്തു ലഭിച്ചവനെ പുകഴ്ത്തിയതുപോലെ തന്നെയാണ് ഈ ദാസനേയും യജമാനൻ പുകഴ്ത്തിയത്. അതേ അഭിനന്ദനവും പ്രതിഫലവുമാണ് ഈ ദാസനും ലഭിച്ചത്. അവന് കൊടുത്തതുപോലെ ഇവനും വലിയ ഉത്തരവാദിത്തം നൽകി.

**വാക്യങ്ങൾ 24, 25.** ഒടുവിൽ, **ഒരു താലന്തു** ലഭിച്ച മനുഷ്യൻ **യജമാനന്റെ** അടുക്കൽ എത്തി. തന്റെ യജമാനൻ **കഠിനമനുഷ്യൻ** എന്നറിഞ്ഞതുകൊണ്ട്, അവൻ തന്റെ **താലന്ത് നിലത്ത്** കുഴിച്ചിട്ടു എന്നാണ് അവൻ പറഞ്ഞത് (ലൂക്കൊ. 19:20, 21). യജമാനന് ആ മനുഷ്യനിൽ ഉത്തരവാദിത്തം ഏൽപിച്ചുകൊടുപ്പാനുള്ള വിശ്വാസം ഉണ്ടായിരുന്നുവെങ്കിലും, ദാസന് യജമാന

ന്റെ പ്രവൃത്തിയിലും നന്മയിലും അത്ര വിശ്വാസമില്ലായിരുന്നു. സമാന്തരപര്യായങ്ങൾ ഉപയോഗിച്ച് യജമാനന്റെ സ്വഭാവം കാഠിന്യമുള്ളതാണെന്ന് ആ ദാസൻ വിലയിരുത്തി:

> **... വിതെക്കാത്തേടത്തുനിന്നു കൊയ്യുന്നവനും**
> **വിതെറാത്തേടത്തുനിന്നു ചേർക്കുന്നവനും.**

ഉഴുതു മറിച്ചു വിതെക്കുന്ന കഠിന ജോലി ചെയ്യാതെ തന്നെ ലാഭം കരസ്ഥമാക്കുന്നവനാണ് യജമാനൻ എന്നായിരുന്നു ആ ദാസൻ പറഞ്ഞത്. ചുരുക്കത്തിൽ, ദാസൻ യജമാനനെ ക്രൂരസ്വഭാവമുള്ളവൻ എന്നു കുറ്റപ്പെടുത്തുകയായിരുന്നു.

താൻ **ഭയപ്പെട്ടു** എന്ന് ദാസൻ ഏറ്റുപറഞ്ഞു. നരകത്തിലേക്ക് തള്ളിക്കളയുന്ന നികൃഷ്ടരായവരുടെ പട്ടികയിൽ ഏറ്റവും മുകളിൽ പറഞ്ഞിരിക്കുന്നവരാണ് "ഭീരുക്കൾ" (വെളി. 21:8). തെറ്റു ചെയ്യുമോ എന്നു ഭയപ്പെടുന്ന ആളുകൾ ഒരിക്കലും ശരിയായതു ചെയ്യുകയില്ല. ക്രിയാത്മകമായി പ്രവർത്തിക്കുവാൻ കഴിയാത്ത പലരും നഷ്ടപ്പെട്ടുപോകും (25:45, 46).

ആ ദാസൻ കുഴിച്ചിട്ടിരുന്ന താലന്തു പോയി മാന്തി എടുത്തുകൊണ്ടുവന്നു എന്ന് ഉപമയിൽ പറയുന്നില്ലെങ്കിലും, അവൻ ആ താലന്ത് കൊണ്ടുവന്നു പറഞ്ഞു, "**നിന്റേത് ഇതാ, എടുത്തുകൊൾക.**" ഇനി യാതൊരു കടപ്പാടുമില്ല, നഷ്ടപരിഹാരം തീർത്തിരിക്കുന്നു എന്നു പറയുന്ന വ്യാവസായിക ഭാഷയാണ് അത്.[17]

**വാക്യം 26.** തനിക്ക് തന്ന താലന്ത് ഒരു കുഴപ്പവും കൂടാതെ തിരികെ ഏൽപിച്ചതിന് ഒരുപക്ഷെ ആ ദാസൻ പ്രതിഫലം പ്രതീക്ഷിച്ചുകാണും. എങ്ങനെയായാലും, അവനെ അഭിനന്ദിക്കുന്നതിനു പകരം, അവനെ കുറ്റപ്പെടുത്തുകയായിരുന്നു. **യജമാനൻ ദുഷ്ടനും മടിയനുമായ ദാസനേ** എന്നു വിളിച്ചാണ് ആ ദാസനോട് പ്രതികരിച്ചത്. മറ്റുള്ളവരേക്കാൾ കഴിവ് കുറഞ്ഞതിനായിരുന്നില്ല യജമാനൻ അവനെ കുറ്റപ്പെടുത്തിയത്; അവനുണ്ടായിരുന്ന കഴിവ് ഒട്ടും ഉപയോഗിക്കാതിരുന്നതിനാണ് യജമാനൻ അവനെ വിമർശിച്ചത്. "മടിയൻ" (*ഓക്നേറോസ്*) എന്ന വാക്ക് ഭയം നിമിത്തമുള്ള അലസതയെയാണ് സൂചിപ്പിക്കുന്നത്, അത് ആ ദാസന്റെ വാക്യം 25 ലെ "ഭയപ്പെട്ടു" എന്ന ഏറ്റു പറച്ചലിൽ ഉൾപ്പെട്ടിരിക്കുന്നു.

ദാസൻ യജമാനനെ കഠിനമനുഷ്യൻ എന്നു വിളിച്ചത് അവനെ അലോസരപ്പെടുത്തിയില്ല. വാസ്തവത്തിൽ, അവൻ പറഞ്ഞു, "**ഞാൻ വിതെക്കാത്തേടത്തുനിന്നു കൊയ്യുകയും, വിതെറാത്തിടത്തുനിന്നും ചേർക്കുകയും ചെയ്യുന്ന കഠിന മനുഷ്യൻ എന്നു നീ അറിഞ്ഞു.**" റോബർട്ട് എച്ച്. ഗൺഡ്രി "വിതെക്കാത്തേടത്തുനിന്നു കൊയ്യുകയും വിതെറാത്തിടത്തുനിന്നു ചേർക്കുകയും ചെയ്യുന്നതിനെ" ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു:

> യജമാനൻ വരുമ്പോൾ, തന്റേതല്ലാത്തത് തിരിച്ചെടുക്കുന്നതല്ല നമ്മെ വിഷമിപ്പിക്കുന്നത് പിന്നെയോ, യേശുവിന്റെ വരവ് കള്ളനെ പോലെയാണ്" എന്നതാണ്. താരതമ്യത്തിലെ പോയിന്റിന് കവർച്ചയുമായി ഒരു ബന്ധവുമില്ല, എന്നാൽ അപ്രതീക്ഷിതത്വത്തെയാണ് ഇവിടെ വരച്ചു കാണിച്ചിരിക്കുന്നത്. അതുപോലെ, യേശു ഇവിടെ ഊന്നൽ കൊടു

ത്തിരിക്കുന്നത് സൽപ്രവൃത്തികൾക്കാണ്, അല്ലാതെ മറ്റുള്ളവരുടേത് എടുക്കുന്നതിനല്ല.[18]

**വാക്യം 27.** യജമാനൻ വരുമ്പോൾ ചോദിക്കുമെന്ന തിരിച്ചറിവ് ദാസനുണ്ടായിരുന്നതുകൊണ്ട്, അവന് ആ **തുക പൊൻവാണിഭക്കാരെ** ഏൽപിച്ചിരുന്നുവെങ്കിൽ ചുരുങ്ങിയത് **പലിശ** എങ്കിലും കിട്ടുമായിരുന്നു. അത് സാഹസമില്ലാത്ത ഒരു ചുരുങ്ങിയ പ്രവൃത്തിയാണ്.

"ബാങ്കിൽ" എന്നത് അക്ഷരികമായി "പൊൻവാണിഭക്കാർ" എന്നാണ് (എൻഐവി; എൻആർഎസ്വി). "മേശ" (*ട്രാപെസ*) എന്ന വാക്കുമായി ബന്ധപ്പെട്ടതാണ് "ബാങ്കർ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ട്രാപെസിറ്റെസ്*), കാരണം പൊൻ വാണിഭക്കാരും പണം കൈമാറ്റം ചെയ്യുന്നവരും ചെറിയ മേശമേലായിരുന്നു ഇരുന്നിരുന്നത്. യെഹൂദന്മാർ പണം കൈമാറുമ്പോൾ പലിശ വാങ്ങിയിരുന്നില്ല, പക്ഷെ ജാതികളിൽനിന്നും അവർ പലിശ വാങ്ങിയിരുന്നു (പുറ. 22:25; ലേവ്യ. 25:36, 37; ആവ. 23:19, 20; സങ്കീ. 15:5). സ്പഷ്ടമായും ആ വിലക്കുകൾ ഒന്നാം-നൂറ്റാണ്ടിലെ പാലസ്തീൻ വ്യാവസായികമായി വളർന്നപ്പോൾ കണക്കാക്കിയിരുന്നില്ല.[19]

**വാക്യം 28.** വിശ്വാസം നഷ്ടപ്പെടുത്തിയ ദാസന് ലഭിച്ചിരുന്ന ഒരു **താലന്ത്** അവനിൽനിന്നും എടുത്ത് **പത്തു താലന്തുണ്ടായിരുന്നവന്** കൊടുത്തു. അവൻ ഇപ്പോൾ, ഒന്നുമില്ലാതായി എന്ന്, നിങ്ങൾ പറഞ്ഞേക്കാം.[20]

**വാക്യം 29.** എൻഏഎസ്ബിയിൽ, വാക്യം 28 ന്റെ അവസാനം ഒരു ഉദ്ധരണി ചിഹ്നത്തോടുകൂടിയാണ് യജമാനന്റെ പ്രതികരണം എൻഏഎസ്ബിയിൽ കൊടുത്തിരിക്കുന്നത്. തന്മൂലം വാക്യം 29 ഉം 30 ഉം യേശുവിന്റെ വ്യാഖ്യാനമായിട്ടാണ് കൊടുത്തിരിക്കുന്നത്. എങ്ങനെയായാലും, മിക്ക തർജ്ജിമകളിലും യജമാനന്റെ വാക്കുകൾ വാക്യം 30 വരെ കാണാവുന്നതാണ്. ഈ രണ്ട് സാധ്യതകൾക്കും പ്രസക്തിയുണ്ട്.

**"അങ്ങനെ ഉള്ളവന്ന് ഏവന്നും ലഭിക്കും; അവന്നു സമൃദ്ധിയും ഉണ്ടാകും; ഇല്ലാത്തവനോടോ, ഉള്ളതും കൂടെ എടുത്തുകളയും."** ദൃഷ്ടാന്തപരമായ ഈ വാക്കുകൾ യേശു പല പ്രാവശ്യം പറഞ്ഞിരിക്കുന്നു (13:12; മർ. 4:25; ലൂക്കൊ. 8:18; 19:26). വിശ്വസ്തത കൂടുതൽ അനുഗ്രഹങ്ങൾക്കിടയാക്കും, "അവിശ്വസ്തത, ആരംഭത്തിൽ ലഭിച്ച അനുഗ്രഹങ്ങളും നഷ്ടപ്പെടുവാനിടയാകും"[21] എന്നാണ് കർത്താവ് ഇവിടെ ഊന്നി പറയുന്നത്. "ലഭിക്കും" "എടുത്തുകളയും" എന്നീ ക്രിയകൾ ദൈവത്തിന്റെ പ്രവൃത്തിയെയാണ് സൂചിപ്പിക്കുന്നത്.[22]

**വാക്യം 30. "എന്നാൽ കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളവിൻ; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും."** സ്പഷ്ടമായും, ഇവിടെ ഉപമയിൽനിന്ന് ആത്മിയ യാഥാർത്ഥ്യത്തിലേക്കുള്ള ഒരു മാറ്റമാണ് നടക്കുന്നത്. "കൊള്ളരുതാത്ത ദാസൻ" പിന്നെ യജമാനന്റെ താൽപര്യത്തിൽ വരുന്നില്ല, അവനെ കഠിനമായി ശിക്ഷിക്കുകയാണ്. അതുപോലെ, ക്രിസ്തുവിനേയും അവന്റെ രാജ്യത്തേയും പ്രസംഗിക്കാത്ത ശിഷ്യന്മാർ നിത്യ ദണ്ഡനം എന്ന ശിക്ഷാവിധി അനുഭവിക്കും. "പുറത്തുള്ള ഇരുട്ടും" "കരച്ചലും പല്ലുകടിയും" എന്നീ പ്രയോഗങ്ങൾ നരകത്തെ ഉദ്ദേശിച്ച് മത്തായിയുടെ പുസ്തകത്തിൽ ഉടനീളം കാണാം (8:12; 13:42, 50; 22:13; 24:51).

ഹീനമായ എന്തെങ്കിലും കുറ്റം ചെയ്തതിനായിരുന്നില്ല ഒരു താലന്ത് ലഭിച്ച

മനുഷ്യനെ കുറ്റപ്പെടുത്തിയത് എന്ന് ഓർക്കുക. മറിച്ച്, അവൻ തന്നെയും തന്നിൽ ഭരമേൽപിച്ച വരവും ഉപയോഗിക്കാതിരുന്നതിനാണ് അവനെ ന്യായം വിധിച്ചത്.[23]

## ചെമ്മരിയാടുകളേയും കോലാടുകളേയും വേർതിരിക്കുന്ന ഇടയന്റെ ഉപമ (25:31-46)

31“മനുഷ്യപുത്രൻ തന്റെ തേജസോടുകൂടെ സകല വിശുദ്ധന്മാരുമായി
വരുമ്പോൾ അവൻ തന്റെ തേജസിന്റെ സിംഹാസനത്തിൽ ഇരിക്കും. 32സ
കല ജാതികളേയും അവന്റെ മുൻപിൽ കൂട്ടും. അവൻ ഇവരെ ഇടൻ ഇടയൻ
ചെമ്മരിയാടുകളേയും കോലാടുകളേയും തമ്മിൽ വേർതിരിക്കുന്നതുപോലെ
വേർതിരിച്ച്, 33ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും
നിറുത്തും.”
34“രാജാവ് തന്റെ തന്റെ വലത്തുള്ളവരോട് അരുളിച്ചെയ്യും, ‘എന്റെ
പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ
നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ.
35എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു. ദാഹിച്ചു, നിങ്ങൾ കുടി
പ്പാൻ തന്നു. ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു.
36നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു നിങ്ങൾ
എന്നെ കാൺമാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ
വന്നു.’ 37അതിന്നു നീതിമാന്മാർ അവനോട്, ‘കർത്താവേ, ഞങ്ങൾ എപ്പോൾ
നിന്നെ വിശന്നുകണ്ടിട്ട് ഭക്ഷിപ്പാൻ തരികയോ ദാഹിച്ചുകണ്ടിട്ട് കുടിപ്പാൻ
തരികയോ ചെയ്തു? 38ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ട്
ചേർത്തുകൊൾകയോ നഗ്നനായി കണ്ടിട്ട് ഉടുപ്പിക്കുകയോ ചെയ്തു? 39നി
ന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ട് ഞങ്ങൾ നിന്റെ അടുക്കൽ
വന്നു’ എന്നു ഉത്തരം പറയും. 40രാജാവ് അവരോട്, ‘എന്റെ ഈ ഏറ്റവും
ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം
എനിക്ക് ചെയ്തു’ എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു എന്നു
അരുളിച്ചെയ്യും.”
41“പിന്നെ അവൻ ഇടത്തുള്ളവരോട്, ‘ശപിക്കപ്പെട്ടവരെ എന്നെ വിട്ട് പി
ശാചിന്നും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക്
പോകുവിൻ. 42എനിക്ക് വിശന്നു നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല; ദാഹിച്ചു നി
ങ്ങൾ കുടിപ്പാൻ തന്നില്ല. 43അതിഥിയായിരുന്നു നിങ്ങൾ ചേർത്തുകൊണ്ടില്ല;
നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല; രോഗിയും തടവിലും ആയി
രുന്നു നിങ്ങൾ എന്നെ കാൺമാൻ വന്നില്ല’ എന്ന് അരുളിച്ചെയ്യും. 44അതിന്ന്
അവർ, ‘കർത്താവേ, ഞങ്ങൾ നിന്നെ വിശക്കുന്നവനോ ദാഹിക്കുന്നവനോ
അതിഥിയോ നഗ്നനോ രോഗിയോ തടവിലോ ആയി എപ്പോൾ കണ്ടു നിനക്ക്
ശുശ്രൂഷ ചെയ്യാതിരുന്നു?’ എന്നു ഉത്തരം പറയും. 45അവൻ അവരോട്, ‘ഈ
ഏറ്റവും ചെറിയവരിൽ ഒരുത്തന്നു നിങ്ങൾ ചെയ്യാത്തേടത്തോളം എല്ലാം
എനിക്കാകുന്നു ചെയ്യാത്തത് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പ
റയുന്നു’ എന്നു ഉത്തരം അരുളും. 46ഇവർ നിത്യദണ്ഡനത്തിലേക്കും നീ
തിമാന്മാർ നിത്യജീവങ്കലേക്കും പോകും.”

അദ്ധ്യായം 21-ൽ യേശു പറഞ്ഞ പല ഉപമകളിൽ അവസാനത്തേതാണ് ഇത്.[24] പാലസ്തീനിലുള്ളവർക്ക് അനുഭവമുള്ള കാര്യങ്ങളുമായി ബന്ധപ്പെട്ടവയായിരുന്നു മിക്ക ഉപമകളും. എങ്ങനെയായാലും, ഭാവിയിൽ സംഭവിക്കുവാനുള്ളതുകൊണ്ട് ഈ ഉപമ പ്രത്യേകതയുള്ളതാകുന്നു. സംഭവം ചെമ്മരിയാടുകളേയും കോലാടുകളേയും വേർതിരിക്കുന്നതാണെങ്കിലും, അത് അന്തിമ വിധിയെ കുറിച്ചുള്ള സത്യം പഠിപ്പിക്കുന്നു.[25]

**വാക്യം 31. മനുഷ്യപുത്രൻ** തന്റെ തേജസിൽ മടങ്ങി വരും എന്നു പറഞ്ഞുകൊണ്ടാണ് യേശു ഉപമ പറഞ്ഞു തുടങ്ങിയത്. തന്റെ മടങ്ങി വരവിന്റെ ചില വിശദാംശങ്ങൾ 24:30-ൽ പറഞ്ഞിരുന്നു. അവൻ വരുന്നത് "ആകാശമേഘങ്ങളിൽ ശക്തിയോടും മഹാ തേജസോടുംകൂടെയാണ്." ഈ തേജസ് പിതാവായ ദൈവത്തിൽനിന്നാണ് അവനിൽ വന്നത് (16:27). ലോകം ഉണ്ടാകുന്നതിനു മുൻപ് തന്നെ യേശുവിന് പിതാവിനോടുകൂടി ഉണ്ടായിരുന്നതാണ് ആ തേജസ് (യോഹ. 17:5).

അവന്റെ **എല്ലാ ദൂതന്മാരുമായിട്ടാണ്** കർത്താവ് മടങ്ങി വരുന്നത്. അവസാന ന്യായവിധിയിൽ ദൂതന്മാരെ നീതിമാന്മാരെയും ദുഷ്ടരേയും കൊയ്യുന്നവരായിട്ടാണ് മത്തായിയിൽ മറ്റൊരു ഭാഗത്ത് ചിത്രീകരിച്ചിരിക്കുന്നത് (13:39, 41, 49). യേശു മടങ്ങിവരുമ്പോൾ, വലിയ കാഹളധ്വനി കേൾക്കാം; അവന്റെ ദൂതന്മാർ "നാലുകോണുകളിൽനിന്നും വ്രതന്മാരെ കൂട്ടിച്ചേർക്കും" (24:30, 31).

ആ സമയത്ത്, ക്രിസ്തു **തന്റെ തേജസുള്ള സിംഹാസനത്തിൽ ഇരിക്കും.** മനുഷ്യപുത്രന്റെ സിംഹാസനത്തിലിരിപ്പ് ദാനിയേൽ 7:13, 14-ൽ മുന്നറിയിച്ചിരിക്കുന്നു.[26] രാജാവും ന്യായാധിപനുമായ യേശുവിന്റെ അധികാരത്തെയാണ് സിംഹാസനം വിരൽചൂണ്ടുന്നത്. ചില വേദഭാഗങ്ങളിൽ ന്യായാധിപൻ പിതാവായ ദൈവമാണ് എന്നു പറഞ്ഞിരിക്കുന്നു (ഈ വേദഭാഗത്തിൽ പറഞ്ഞിരിക്കുന്നതുപോലെ), എന്നാൽ മറ്റുവേദഭാഗങ്ങളിൽ യേശുക്രിസ്തുവിനെയാണ് ന്യായാധിപനായി പറഞ്ഞിരിക്കുന്നത്. പ്രവൃത്തികൾ 17:30, 31 വ്യക്തമാക്കുന്നത് ദൈവം ലോകത്തെ *യേശുക്രിസ്തുമൂലം* ആണ് ന്യായവിധി നടത്തുന്നത് എന്നാണ് (യോഹ. 5:22, 27 നോക്കുക). യേശു വീണ്ടും വരുമ്പോൾ "ഓരോരുത്തന്ന് അവനവന്റെ പ്രവൃത്തികൾക്ക് തക്ക പകരം നൽകും" (16:27).

ആയിരാമാണ്ട് വാഴ്ച്ചക്കാർ പഠിപ്പിക്കുന്നതുപോലെ, യേശു ഹർഷോന്മാദത്തിനു വേണ്ടിയോ, പിന്നിട് ഭൂമിയിലേക്ക് വന്ന് ആയിരം വർഷം ഭരിച്ച ശേഷമാണ് ആളുകളെ നിത്യതക്കായി സ്വർഗത്തിലേക്ക് എടുക്കുന്നത് എന്ന ഉപദേശം തിരുവെഴുത്തിന് എതിരാണ്.[27] അവൻ മടങ്ങി വന്ന് സിംഹാസനത്തിലിരിക്കുന്നത് ന്യായവിധി നടത്തുവാനാണ് (യോഹ. 5:24-29; പ്രവൃ. 10:42; 17:30, 31; 2 കൊ. 5:10; 2 തെസ്സ. 1:6-10; 2 തിമൊ. 4:1).

**വാക്യം 32.** യേശു മടങ്ങിവരുമ്പോൾ, **തന്റെ മുൻപിലേക്ക് സകല ജാതികളേയും കൂട്ടിവരുത്തും** എന്നാണ് യേശു പറഞ്ഞത്. "സകലജാതികളും" (*റ്റാ എത്നേ*) എന്നതിനെ "ജാതികൾ" എന്നു ഊഹാപോഹം നടത്തുന്നവർ പരിമിതപ്പെടുത്തുവാനുള്ള ശ്രമം നടത്തുന്നുണ്ട്.[28] എങ്ങനെയായാലും, ഈ സന്ദർഭത്തിൽ യേശു പറയുന്നത് എല്ലാ ആളുകളെയും ഉദ്ദേശിച്ചാണ് - യെഹൂദന്മാരും, യവനന്മാരും, അല്ലെങ്കിൽ ക്രിസ്ത്യാനികളും, അ-ക്രൈസ്തവരും ഉൾപ്പെടും.[29] ഒരു ന്യായവിധി മാത്രമാണുള്ളത്, അന്ന് ജിവിച്ചിരുന്ന എല്ലാവരും അവന്റെ മുൻപിൽ വെളിപ്പെടും (13:36-43; യോഹ. 5:27-29; 1 കൊ. 15:52; 2 കൊ. 5:10; വെളി. 20:11, 12).

യേശു പിന്നെ പറഞ്ഞു, **"അവൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ ഓരോരുത്തരേയും വേർതിരിക്കും."** "ജാതികൾ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*എത്നേ*) നപുംസകമാണ്, അതിന്റെ സർവ്വനാമം തർജിമ ചെയ്തിരിക്കുന്നത് "അവരെ" (*ആട്ടസ്*) എന്നത് പുല്ലിംഗമാണ്. ആ ഘടന സൂചിപ്പിക്കുന്നത്, അവൻ ആളുകളെ കൂട്ടമായിട്ടല്ല, മറിച്ച് വ്യക്തിപരമായിട്ടാണ് ന്യായവിധി നടത്തുന്നത് എന്നാണ്.

യോഹന്നാന്റെ സുവിശേഷത്തിൽ, "ആടുകൾക്ക് വേണ്ടി സ്വന്ത ജീവനെ നൽകുന്ന നല്ല ഇടയനായിട്ടാണ്" യേശുവിനെ വരച്ച് കാണിച്ചിരിക്കുന്നത് (യോഹ. 10:11). ക്രിസ്തു മടങ്ങിവരുമ്പോൾ, ഒരു ഇടയന്റെ പങ്കായ വേർതിരിക്കലും ന്യായവിധിയും നടത്തപ്പെടും (യെഹെ. 34:17, 20, 22). ബൈബിളിൽ ദൈവജനത്തെ സൂചിപ്പിച്ചുകൊണ്ടാണ് ആടിന്റെ ഭാവന ഉപയോഗിച്ചിരിക്കുന്നത്, അത് പഴയനിയമത്തിൻ കീഴിലായിരുന്ന യിസ്രായേൽ ജനമായിരുന്നുവെങ്കിലും, പുതിയനിയമത്തിൻകീഴിലുള്ള യേശുവിന്റെ ശിഷ്യന്മാരായാലും ശരിയാണ് (9:36; 10:5, 6; 15:24 നോക്കുക). തഴ്മയോടെ നല്ല ഇടയനെ അനുഗമിക്കുന്നവരാണ് ആടുകളായി പ്രതിനിധീകരിക്കുന്നത്, എന്നാൽ കാഠിന്യവും, മൽസരവും, നാശകരവുമായ സ്വഭാവത്തെയാണ് കോലാടുകൾ അർത്ഥമാക്കുന്നത് (യെഹെ. 34:17; ദാനി. 8:5, 7, 21).[30]

ചെമ്മരിയാടുകളെയും കോലാടുകളെയും വേർതിരിക്കുന്നത് യേശുവിന്റെ ശിഷ്യന്മാർക്ക് സുപരിചിതമായിരുന്നു. ലോകത്തിൽ മിക്കവാറും സ്ഥലങ്ങളിൽ ചെമ്മരിയാടും കോലാടും കൂടിക്കലർന്നു പോകുകയോ മേയുകയോ ഇല്ല, അവ രണ്ടുകൂട്ടവും എപ്പോഴും വേർപിരിഞ്ഞായിരിക്കും നടക്കുക. എങ്ങനെയായാലും, പാലസ്തീനിൽ അവ സമ്മിശ്രമായിട്ടായിരുന്നു കാണപ്പെട്ടിരുന്നത്. വിൽക്കിൻസ് പറഞ്ഞതനുസരിച്ച്, ആ പ്രദേശത്തു ജനിച്ചു വളർന്ന ആടുകളുടെ നിറം, ആകൃതി, വലിപ്പം എന്നിവ ഏകദേശം ഒരേപോലെ ആയിരുന്നു.[31] ചെമ്മരിയാടുകൾക്ക് തുറസായ സ്ഥലത്ത് കിടന്നുറങ്ങാമെങ്കിലും, കോലാടുകൾക്ക് ചൂട് ലഭിക്കുന്ന തൊഴുത്തുകൾ ആവശ്യമായിരന്നു, അതിനാൽ അവയെ വേർതിരിക്കേണ്ടത് അനിവാര്യമായിരുന്നു.[32]

മത്തായിയുടെ സുവിശേഷത്തിലുടനീളം രണ്ട് തരത്തിലുള്ള വേർപിരിക്കൽ കാണാം. കോതമ്പും പതിരും തമ്മിൽ വേർതിരിക്കുന്നത് കാണാം (3:12), ഇടുങ്ങിയതും വിശാലവുമായ വഴി (7:13, 14). നല്ലതും ചീത്തയുമായ ഫലം (7:15–20), ബുദ്ധിയുള്ളവരും ബുദ്ധിയില്ലാത്തവരുമായ നിർമ്മാതാക്കൾ (7:24–27), കോതമ്പും കളയും (13:24–30), നല്ലതും ചീത്തയുമായ മീൻ (13:47–50), രണ്ട് പുത്രന്മാർ (21:28–32), ഒരുങ്ങിയവരും ഒരുങ്ങാത്തവരുമായ കല്യാണ വിരുന്നുകാർ (22:1–14), ബുദ്ധിയള്ളവരും ബുദ്ധിയില്ലാത്തവരുമായ കന്യകമാർ (25:1–13), ചെമ്മരിയാടുകളെയും കോലാടുകളെയും (25:32, 33).[33] രക്ഷിക്കപ്പെട്ടവരും രക്ഷിക്കപ്പെടാത്തവരും തമ്മിലുള്ള വ്യത്യാസമാണ് ആ അന്തരങ്ങളിൽസൂചിപ്പിക്കുന്നത്.

**വാക്യം 33.** മൃഗങ്ങളെ വേർതിരിക്കുമ്പോൾ, **ചെമ്മരിയാടുകളെ വലത്തുഭാഗത്തേക്കും, കോലാടുകളെ ഇടത്തുഭാഗത്തേക്കും മാറ്റും.** ചെമ്മരിയാടുകൾ കൊണ്ടുദ്ദേശിക്കുന്നത് വിലയുള്ളവരും നീതിമാന്മാരുമാണ്, അവർക്ക് വലത്തുഭാഗം എന്ന ആദരവുള്ള സ്ഥാനമാണ് ലഭിക്കുന്നത് (20:21; 22:44; 26:64; പ്രവൃ. 2:33, 34; 5:31; 7:55, 56). കോലാടുകൾ പ്രതിനിധീകരിക്കുന്ന ദുഷ്ടന്മാരാണ്, ആഗ്രഹിക്കാത്ത സ്ഥാനമാണ് അവർക്ക് ലഭിക്കുന്നത്.

**വാക്യം 34.** ഇവിടെ പറയുന്ന ഇടയൻ, തേജസുള്ള തന്റെ സിംഹാസനത്തിൽ ഇരിക്കുന്ന **രാജാവാണ്** (25:31). നീതിമാന്മാരെ (ചെമ്മരിയാടുകളെ) വലത്തുവശത്തേക്ക് മാറ്റി അവരോട് അവൻ പറയും, **"എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ."**

ഭൗതികമായ ഈ പ്രപഞ്ചത്തിന് അടിസ്ഥാനമിട്ടപ്പോൾ തന്നെ ദൈവം തന്റെ നിത്യമായ രാജ്യത്തിനും അടിസ്ഥാനമിട്ടു.[34] രാജ്യസ്ഥാപനത്തിനായി (സഭ) യേശു ഭൂമിയിൽ മനുഷ്യനായി വന്ന് ലോകത്തിന്റെ പാപങ്ങൾക്കായി കഷ്ടതയേറ്റു മരിച്ചു, അടക്കപ്പെട്ട്, ഉയിർത്തെഴുന്നേൽക്കേണ്ടത് ആവശ്യമായിരുന്നു. യേശു മഹത്തായ ആജ്ഞ നൽകിയിരിക്കുന്നു. ആ ചുമതല നൽകിക്കൊണ്ട് അവൻ പറഞ്ഞു, "സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു" (28:18). അവൻ പിതാവിന്റെ അടുക്കലേക്ക് സ്വർഗാരോഹണം ചെയ്തു പോയപ്പോൾ, സിംഹാസനത്തിലിരുന്ന് തന്റെ രാജ്യത്തെ വാഴുവാൻ തുടങ്ങി (പ്രവൃ. 2:32–36). "സകല അധികാരത്തിനും ശക്തിക്കും നീക്കം വരുത്തുന്നതുവരെയും" "രാജ്യം പിതാവിന്നു ഏൽപിച്ചുകൊടുക്കുന്നതുവരെയും" യേശു വാഴേണ്ടതാകുന്നു (1 കൊ. 15:24, 25). പിന്ന ഭൂമിയിലെ ദൈവരാജ്യം സ്വർഗത്തിലെ ദൈവത്തിന്റെ "നിത്യരാജ്യമായി" തീരും (2 പത്രൊ. 1:11). ആ സ്വർഗീയ അവകാശമാണ് ഈ വേദഭാഗത്തിൽ പറഞ്ഞിരിക്കുന്നത്.

**വാക്യങ്ങൾ 35, 36.** ചിലർ പിതാവിനാൽ അനുഗ്രഹിക്കപ്പെടുമെന്നതിനുള്ള പ്രത്യേക കാരണങ്ങൾ യേശു പറഞ്ഞിരിക്കുന്നു. അവൻ **വിശന്നും, ദാഹിച്ചും, നഗ്നനായും**, വീടില്ലാതെയും ഇരുന്നപ്പോൾ, അവർ അവനെ ശുശ്രൂഷിച്ചു. അവൻ **രോഗിയും തടവിലും** ആയിരുന്നപ്പോൾ, അവർ അവനെ സന്ദർശിച്ചു.

നിഷേധ കൽപനകളോടുള്ള സമീപനത്തേക്കാൾ ("നിങ്ങൾ ചെയ്തില്ല"), ക്രിയാത്മക കൽപനകൾ അനുസരിക്കുക എന്ന ഏക അടിസ്ഥാനത്തിന്മേലാണ് ന്യായവിധി (നിങ്ങൾ ചെയ്തു). യേശുക്രിസ്തു ഊന്നൽ കൊടുത്തിരിക്കുന്ന സൽപ്രവൃത്തികൾ "വിശ്വാസത്തെ മാത്രം"[35] എടുത്തിരിക്കുന്നവർക്കെതിരാണ്. കർത്താവിന്റെ സഹോദരനായ യാക്കൊബ്, എഴുതി,

> സഹോദരന്മാരേ, ഒരുത്തൻ തനിക്ക് വിശ്വാസം ഉണ്ട് എന്നു പറകയും, പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ? ഒരു സഹോദരനോ സഹോദരിയോ അഹോവൃത്തിക്കു വകയില്ലാത്തവരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോട്, "സാവധാനത്തോടെ പോയി തീ കായ്കയും വിശപ്പടക്കുകയും ചെയ്‌വിൻ" എന്നു പറയുന്നതല്ലാതെ ദേഹരക്ഷക്ക് ആവശ്യമുള്ളത് അവർക്ക് കൊടുക്കാതിരുന്നാൽ, ഉപകാരം എന്ത്? അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ, സ്വതവേ നിർജ്ജീവമാകുന്നു (യാക്കൊ. 2:14–17).

അതിലുപരിയായി, യോഹന്നാൻ ചോദിച്ചു, "എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരന്നു മുട്ടുള്ളത് കണ്ടിട്ട്, അവനോട് മനസലിവ് കാണിക്കാഞ്ഞാൽ, ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും?" (1 യോഹ. 3:17).

സൽപ്രവൃത്തികൾ ഊന്നി പറഞ്ഞിരിക്കുന്നതിനെ എടുത്ത് ഒരാൾക്ക് രക്ഷ നേടുവാൻ അങ്ങനെ കഴിയും എന്നു വ്യാഖ്യാനിക്കരുത്. ചെമ്മരിയാടുകളുടെ അഥവാ നീതിമാന്മാരുടെ ഗണത്തിൽ പെടുന്നതിന്, ഒരാൾ ക്രിസ്തുവിന്റെ ക്രൂശിലെ മരണത്തോട് ബന്ധപ്പെട്ട് "ക്രിസ്തുവിൽ" ആകണം (റോമർ 6:3, 4; 8:1).[36] സുവിശേഷങ്ങളിൽ പറഞ്ഞിരിക്കുന്നത് രക്ഷ ദൈവത്തിന്റെ ദാനമാണ് എന്നത്രെ. സൽപ്രവൃത്തികളുടെ പ്രാധാന്യം ഊന്നി പൗലൊസ് പലപ്പോഴും എഴുതിയിട്ടുണ്ട് (2 കൊ. 5:10; ഗലാ. 6:7-10). സൽപ്രവൃത്തികൾ പോലെ തന്നെ നീതിയും പ്രാധാന്യമുള്ളതായിട്ടാണ് യേശു പറഞ്ഞിരിക്കുന്നത്. രക്ഷ നൽകുവാനായി ദൈവം കൃപയോടുകൂടി തന്റെ ജനത്തോട് പ്രവർത്തിക്കുന്നു എന്നാണ് അവൻ പറഞ്ഞിരിക്കുന്നത്.[37]

ദൈവത്തിന്റെ കൃപ എന്ന വിഷയം ബൈബിളിൽ ഉടനീളം കാണാം. അവന്റെ ജനനശേഷം, മശിഹയെ "യേശു" എന്നു പേർ വിളിക്കണം കാരണം "അവൻ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും മോചിപ്പാനി [രിക്കുന്നു]" (1:21). വാസ്തവത്തിൽ തന്നിലുള്ള വിശ്രമത്തിനായി, ആളുകളെ യേശു തന്റെ ശുശ്രൂഷയിൽ ക്ഷണിക്കുകയുണ്ടായി (11:28-30). തന്റെ വരവിന്റെ ഉദ്ദേശമായി യേശു പറഞ്ഞു, "അനേകരുടെ പാപങ്ങൾക്കുള്ള മറുവിലയായി തന്റെ ജീവനെ നൽകുവാനായിരുന്നു" (20:28). അതിലുപരിയായി, കർത്തൃമേശ സ്ഥാപിച്ചുകൊണ്ട്, "പാപമോചനത്തിനായി ചിന്തുവാനിരിക്കുന്ന രക്തം" എന്നാണ് പറഞ്ഞത് (26:28).

**വാക്യങ്ങൾ 37-39. നീതിമാന്മാർ** - അവരുടെ സൽപ്രവൃത്തികളെ അഭിനന്ദിച്ചപ്പോൾ, ചോദിച്ചു, **"കർത്താവേ,** [ഇവ ഒക്കെയും ഞങ്ങൾ എപ്പോൾ ചെയ്തു]?" ജഡത്തിൽ കർത്താവിനെ കണ്ടിട്ടില്ലാത്ത വിശ്വാസികളെ സംബന്ധിച്ച് ആ ചോദ്യം പ്രസക്തമായിരുന്നു.

വിശന്നിരിക്കുന്നവരുടെ **വിശപ്പും** ദാഹിക്കുന്നവരുടെ **ദാഹവും** ശമിപ്പിക്കുന്നതും **നഗ്നരെ** ഉടുപ്പിക്കുന്നതും മനുഷ്യത്വത്തിന്റെയും ദയയുടേയും പ്രതിഫലനമാണ് (ഇയ്യോ. 22:6, 7; സദൃശ. 25:21; യെശ. 58:7; യെഹെ. 18:7, 16; മത്താ. 10:42; മർ. 9:41; റോമർ. 12:20; യാക്കൊ. 2:15, 16). "നഗ്നത" എന്നതിന്റെ ഗ്രീക്ക് വാക്ക്(*ഗുംനോസ്*)"ജിംനേഷ്യം"എന്ന ഇംഗ്ലീഷ്വാക്കുമായി ബന്ധപ്പെട്ടിരിക്കുന്നു, കാരണം ഗ്രീക്കുകാരുടെ പരിശീലനമായിരുന്നു നഗ്നത. പുതിയനിയമത്തിൽ *ഗുംനോസ്* "നഗ്നത മറയ്ക്കാതെ" എന്നാണ് അർത്ഥമാക്കുന്നത് (മർ. 14:52). "മതിയായ വസ്ത്രം ധരിക്കാത്ത" "മോശമായി വസ്ത്രധാരണം ചെയ്യുക" എന്നും അർത്ഥമുണ്ട് (യാക്കൊ. 2:15), അല്ലെങ്കിൽ "ബാഹ്യവസ്ത്രമില്ലാതെ നേരിയ വസ്ത്രം ധരിക്കൽ" (യോഹ. 21:7).[38] ഈ സന്ദർഭത്തിൽ, ആ വാക്ക് മതിയായ വസ്ത്രം ധരിക്കാത്ത എന്ന അർത്ഥത്തിലായിരിക്കാം ഉപയോഗിച്ചിരിക്കുന്നത്; ഒരു വസ്ത്രവും ഇല്ലാതെ ആരെങ്കിലും പ്രത്യക്ഷപ്പെടുന്നത് അപൂർവ്വമായിരിക്കും.

പുരാതന ലോകത്തിൽ **അപരിചിതർക്ക്** അതിഥി സൽക്കാരം ചെയ്യുന്നത് ഒരു മാന്യതയായിരുന്നു (ഉല്. 18:1-8; ന്യായാ. 19:16-21; ഇയ്യോ. 31:32; പ്രവൃ. 10:23; 1 തിമൊ. 5:10; എബ്രാ. 13:2, 3; 3 യോഹ. 5). ഗ്രീക്ക്-റോമാ സംസ്കാരത്തിന്റെ സ്വാധീനം ആണ് പാലസ്തീനിലേക്ക് യാത്ര ചെയ്യുന്നവർക്ക് വേണ്ടി വഴിയമ്പലങ്ങൾ ഉണ്ടാക്കിയിരുന്നത്. എങ്ങനെയായാലും, ആ വഴിയമ്പലങ്ങൾ ജനങ്ങൾക്കിടയിൽ അവമതിപ്പുണ്ടാക്കിയതിനാൽ,[39] പ്രത്യേകിച്ച് യെഹൂദന്മാരും ക്രിസ്ത്യാനികളും അവയിൽ താമസിച്ചിരുന്നില്ല.[40] യേശു പ

രിമിത ആജ്ഞകളുമായി ശിഷ്യന്മാരെ അയച്ചപ്പോഴെല്ലാം, അവൻ അവരോട് വഴിയമ്പലങ്ങളിൽ താമസിക്കുവാൻ പറഞ്ഞില്ല. മറിച്ച്, ഒരുപട്ടണത്തിലോ, ഒരു ഗ്രാമത്തിലോ അവർ ചെല്ലുമ്പോൾ യോഗ്യനായ ഒരു വ്യക്തിയുടെ വീട് അന്വേഷിച്ച് അവിടെ താമസിക്കുവാനായിരുന്നു പറഞ്ഞത് (10:11).

**രോഗികളെയും**, അനാഥരെയും, വിധവമാരെയും സന്ദർശിക്കുന്നത് (യാക്കൊ. 1:27) ഒരു ദയാ പ്രവൃത്തിയായിരുന്നു. ഒരു ക്രിസ്ത്യാനി രോഗിയാകുമ്പോൾ, അയാൾ സഭയിലെ മൂപ്പന്മാരെ വരുത്തി പ്രാർത്ഥിക്കട്ടെ എന്നാണ് യാക്കോബ് നിർദ്ദേശിച്ചത്. അവർ വന്ന് രോഗിക്കുവേണ്ടി എണ്ണ തേച്ച് (സഹായകരമാകുവാനായിരിക്കാം) പ്രാർത്ഥിക്കുമ്പോൾ രോഗിക്ക് സൗഖ്യം ലഭിക്കും (യാക്കൊ. 5:14)

**തടവിലുള്ള** വിശ്വാസികൾ അന്യായമായി തടവിലാക്കപ്പെട്ടവരാണ് (എബ്രാ. 13:3). ആ തടവിലായവരോട് മനസലിവ് കാണിക്കുന്നത് ഒരാളുടെ ബഹുമാനവും സ്വാതന്ത്ര്യവും അപകടത്തിലാക്കുന്നതാണ്. "ക്രൂരകൃത്യങ്ങൾ ചെയ്ത കുറ്റവാളികളെ പോലെയായിരുന്നു വിലങ്ങുവെച്ച വിശ്വസ്തരായവരെയും കണ്ടിരുന്നത്, സഹോദരന്മാർ അവരെ ചെന്നു കാണുമ്പോൾ, അവരെയും ആളുകൾ മോശക്കാരായിട്ടാണ് കണ്ടിരുന്നത്-അതായത് കുറ്റവാളികളോട് ബന്ധമുള്ളവരായിട്ട്."[41] പൗലൊസ് തടവിലും, വീട്ടുതടങ്ങലിലും ആയിരുന്നപ്പോൾ, അവനെ സന്ദർശിക്കുവാനും ശുശ്രൂഷിപ്പാനും ആളുകളെ അനുവദിച്ചിരുന്നു (പ്രവൃ. 24:23; 28:30, 31).[42]

**വാക്യം 40. രാജാവ്** അവരുടെ ചോദ്യങ്ങൾക്ക് ഉത്തരമായി, പറഞ്ഞു, **"എന്റെ ഈ സഹോദരന്മാരിൽ ഏറ്റവും ചെറിയ ഒരുവന്നു നിങ്ങൾ ചെയ്തത് എനിക്ക് ചെയ്തതാകുന്നു എന്ന് സത്യമായിട്ടു ഞാൻ നിങ്ങളോട് പറയുന്നു.**" യേശു തന്റെ അപ്പൊസ്തലന്മാരോട് പറഞ്ഞു, "നിങ്ങളെ കൈക്കൊള്ളുന്നവനെ ഞാൻ കൈക്കൊള്ളുന്നു, എന്നെ കൈക്കൊള്ളുന്നനെ എന്നെ അയച്ചവൻ കൈക്കൊള്ളുന്നു" (10:40).

"എന്റെ ഈ സഹോദരന്മാർ" എന്ന പ്രയോഗം ക്രിസ്ത്യാനികളെ കുറിച്ചാണെന്ന് മനസിലാക്കുക. തന്നെ അനുസരിക്കുന്നവരാണ് തന്റെ ആത്മിയ കുടുംബാംഗങ്ങളെന്ന് യേശു ഊന്നി പറയുകയുണ്ടായി (12:49, 50; ലൂക്കൊ. 8:21). ക്രിസ്ത്യാനികൾ അന്യോന്യം ചെയ്യുന്നതെല്ലാം അവർ ക്രിസ്തുവിനു ചെയ്യുന്നതാണ്. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ ആവശ്യങ്ങൾ നിറവേറ്റുവാനുള്ള ശുശ്രൂഷ ചെയ്യുമ്പോഴാണ് ഒരാൾ വാസ്തവത്തിൽ ക്രിസ്തുവിന്റെ ദാസനായി തീരുന്നത് (എഫെ. 1:22, 23). വെറും സൽപ്രവൃത്തിയെയല്ല യേശു ഇവിടെ അർത്ഥമാക്കിയത്. തന്റെ അനുയായികളുടെ ആവശ്യങ്ങൾ നിറവേറ്റുവാനായിരുന്നു അവൻ ആവശ്യപ്പെട്ടത്. യേശുവിന്റെ വാക്കുകൾ നമുക്ക് മനസിലായാൽ, "സഭയ്ക്ക് വേണ്ടി ആളുകൾ ചെയ്യുന്നത്, ക്രിസ്തുവിനു വേണ്ടിയാണ് ചെയ്യുന്നത്." എന്ന് ജെയിംസ് കോഫ്മാൻ ബർട്ടൻ കണ്ടതുപോലെ നമുക്കും കാണുവാൻ കഴിയും.[43]

"ഈ ചെറിയവരിൽ ഒരുത്തന്" എന്നു പറഞ്ഞ് യേശു തന്റെ പ്രസ്താവനയുടെ യോഗ്യത വ്യക്തമാക്കുകയായിരുന്നു. യേശുവിന്റെ ശിഷ്യന്മാരുടെ പ്രാധാന്യത്തെ യേശു പലപ്പോഴും എടുത്തുകാണിക്കുമ്പോൾ, "ഏറ്റവും ചെറിയവർ," "ചെറിയവർ" എന്നീ വാക്കുകൾ മത്തായിയുടെ സുവിശേഷത്തിൽ മുൻപും പറഞ്ഞിരിക്കുന്നു (10:42; 18:6, 10, 14). ബലമില്ലാത്തവരോടും കഴിവില്ലാത്തവരോടും യേശുവിന്റെ ശിഷ്യന്മാർ അവനെപോലെ മനസലിവ് കാണി

ക്കണം (11:5; ലൂക്കൊ. 4:18 നോക്കുക).

**വാക്യം 41**. ഈ സമയത്ത്, രാജാവ് ദുഷ്ടന്മാരെ (കോലാടുകൾ) ഇട ത്തുഭാഗത്തേക്ക് തിരിച്ചു. അവൻ **ശപിക്കപ്പെട്ടവരോട്** പറഞ്ഞു, "**എന്നെ വിട്ടുപോകുവിൻ**." ശിക്ഷക്കു വിധിക്കുക എന്നാൽ "കർത്താവിന്റെ സന്നി ധാനം വിട്ടകലുക" എന്നാണ് (2 തെസ്സ. 1:9; എൻഐവി), അവനുമായുള്ള കൂട്ടായ്മ നീക്കം ചെയ്യുകയാണ്.

ദുഷ്ടന്മാരെ, **നിത്യാഗ്നിയിലേക്ക്** തള്ളിക്കളയും, അതായത് നരക ത്തിലേക്ക്. "നിത്യമായ" (*എയിയോണിയസ്*) എന്നതിനർത്ഥം "അവസാ നിക്കാത്ത" എന്നാണ്.[44] ദൈവത്തിന്റെ നിത്യത്വത്തെ വിവരിക്കുവാനും (റോമർ. 16:26) പരിശുദ്ധാത്മാവിന്റെ നിത്യത്വത്തെ വിവരിക്കുവാനും (എബ്രാ. 9:14), അതേ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. നഷ്ടപ്പെട്ടവർ ദഹിച്ചുപോ കും എന്നു പറഞ്ഞു. സ്വർഗത്തിന്റേയും നരകത്തിന്റേയും കാലയ ളവ് വിവരിച്ചിരിക്കുന്ന വാക്കാണ് *അയോണിയോസ്*. സ്വർഗത്തിന്റേയും നരകത്തിന്റേയും കാലയളവ് ചുരുക്കുവാൻ യേശു അനുവദിക്കുന്നില്ല (25:46). നരകത്തിന്റെ കാലയളവ് ചുരുക്കുന്നവർ സ്വർഗത്തിന്റെ കാലയ ളവ് ചുരുക്കാത്തതെന്താണെന്ന് മനസിലാകുന്നില്ല. അഗ്നി എന്നേക്കുമു ള്ളതാണെന്നാണ് യേശു പറഞ്ഞത്. നീതിമാന്മാർ സ്വർഗത്തിലുള്ള കാല ത്തോളം നീതികെട്ടവർ നരകത്തിൽ കഴിയും. നരകത്തെ കുറിച്ച് മുൻപ് അവൻ വിവരിച്ചത്, "അവിടെ കെടാത്ത തീയും ... ചാകാത്ത പുഴുവും ഉണ്ടാകും, തീ കെടുകയുമില്ല എന്നാണ്" (മർ. 9:43, 48). (നരകത്തെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് നോക്കുക 5:22; 13:40–42).

**ഒരുക്കുക** (*ഹെറ്റോയിമാസോ*) എന്ന ക്രിയ വാക്യം 34 ൽനിന്നും ആവർത്തിച്ചിരിക്കുന്നതാണ്, അവിടെ രാജ്യം നീതിമാന്മാർക്കു വേണ്ടി "ഒരു ക്കിയിരിക്കുന്നു" എന്നാണ് പറഞ്ഞത്. ഇവിടെ **പിശാചിന്നും അവന്റെ ദൂത ന്മാർക്കും** ഒരു യാതനാസ്ഥലം "ഒരുക്കിയിരിക്കുന്നു" എന്നു പറഞ്ഞിരിക്കുന്നു. ആ ഭയങ്കര യാതനാസ്ഥലത്ത് ആളുകൾ പോകാതിരിക്കേണ്ടതിന്, ദൈവം തന്റെ സ്നേഹം നിമിത്തം എല്ലാം ചെയ്തിരിക്കുകയാണ് (യോഹ. 3:16, 17, 36).

**വാക്യങ്ങൾ 42, 43**. "വിശുദ്ധവും നിർമ്മലവുമായ" ക്രിസ്ത്യാനിത്വത്തെ പരിശീലിക്കുന്നത് ഉപേക്ഷിച്ച ദുഷ്ടന്മാരെ ശിക്ഷക്ക് വിധിച്ചിരിക്കുന്നു (യാക്കൊ. 1:27). നീതിമാന്മാർ ശുശ്രൂഷിച്ചവരെ അവർ സേവിച്ചതുമില്ല: **വിശ ന്നവരേയും, ദാഹിച്ചവരേയും, അപരിചിതരേ** [യും], **നഗ്നരേയും, രോഗിക ളേയും, തടവിലുള്ളവരേയും** (25:35, 36). അവ *ചെയ്യുന്ന* പാപങ്ങൾക്കു പ കരം *ചെയ്യാത്ത* പാപങ്ങളായിരുന്നു - ഉദാഹരണമായി, വ്യഭിചാരം, ദുർന്ന ടപ്പ്, കുല, മദ്യപാനം, ഭോഷ്ക്ക്, മോഷണം തുടങ്ങിയവ (1 കൊ. 6:9, 10).[45] യാക്കൊബ് എഴുതി, "നന്മ ചെയ്വാനറിഞ്ഞിട്ടും, ചെയ്യാത്തവന്ന് അതു പാപം അത്രെ" (യാക്കൊ. 4:17).

**വാക്യം 44**. തങ്ങളെ ശിക്ഷക്കു വിധിച്ച രാജാവിന്റെ വാക്കുകൾ കേട്ട് അവർ ചോദിച്ചു, "**കർത്താവേ**, ഈ ആവശ്യങ്ങളെല്ലാം ഉള്ളതായി **എപ്പോൾ നിന്നെ** [**ഞങ്ങൾ കണ്ടിട്ടു** ശുശ്രൂഷിക്കാതിരുന്നു]? ചുരുക്കമായിട്ടായിരു ന്നുവെങ്കിലും, നീതിമാന്മാർ ചോദിച്ചതുപോലെ തന്നെയായിരുന്നു അവരും ചോദിച്ചത് (25:37–39).

**വാക്യം 45**. രാജാവ് മുൻപ് പ്രതികരിച്ചതുപോലെ (25:40) പറഞ്ഞു, "**ഈ ഏറ്റവും ചെറിയവരിൽ ഒരുത്തന്നു നിങ്ങൾ ചെയ്യാത്തേടത്തോളമെല്ലാം എനി**

**ക്കാകുന്നു ചെയ്യാത്തത്**." കർത്താവിന്റെ ശരീരത്തിന്റെ യോഗ്യമായ ആവശ്യങ്ങൾ നിറവേറ്റാതിരിക്കുന്നത്, അവനെ സേവിക്കാതിരിക്കുന്നതിന് തുല്യമാണ്.

അവരെ ശിക്ഷക്കുവിധിക്കുവാനുള്ള കാരണം ഈ ഉപമയിൽ യേശു വ്യക്തമാക്കിയിരിക്കുന്നു. നാം രക്ഷിക്കപ്പെടുന്നത് സൽപ്രവൃത്തികളാലല്ല, എന്നാൽ സൽപ്രവൃത്തികൾ കൂടാതെ നമുക്ക് രക്ഷിക്കപ്പെടുവാനും സാധ്യമല്ല. നമ്മുടെ വിശ്വാസം വാസ്തവത്തിലുള്ളതാണെന്ന് തെളിയിക്കുന്നതാണ് അവ (യാക്കൊ. 2:14–26).

**വാക്യം 46**. രാജാവ് ഉപസംഹരിച്ചു, "**ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും**." പുതിയനിയമത്തിൽ ഇവിടെ മാത്രമെ "നിത്യദണ്ഡനം" എന്ന വാക്ക് ഉപയോഗിച്ചിട്ടുള്ളു. ആ രണ്ട് വാക്കുള്ള തർജിമയെ കുറിച്ച് ഏ. ടി. റോബർട്ട്സൺ എഴുതി:

> *നിത്യശിക്ഷ* (*കൊലാസിൻ അയിയോണിയോൺ*). *കൊലാസിൻ* എന്ന വാക്ക് വന്നിരിക്കുന്നത് *കലാസോ* എന്ന വാക്കിൽനിന്നാണ്, അർത്ഥം ഛേദിക്കുക, വെറുക്കുക എന്നാണ്. അതുകൊണ്ട് വിശാലമായ പ്രത്യാശ സ്വീകരിച്ചിരിക്കുന്നവർ ഈ പ്രയോഗത്തെ യുഗാന്ത്യ-മായിട്ടാണ് കാണുന്നത്, അവസാനം അത് കോലാടുകളുടെ രക്ഷക്കായി പരിണമിക്കുകയും പിഴക്കു പകരം അത് അച്ചടക്കമാവുകയും ചെയ്യും. അത്തരം വ്യത്യാസത്തെ അരിസ്റ്റോട്ടിൽ ചൂണ്ടിക്കാണിച്ചത്, *മോറിയ* (പ്രതികാരം) *കൊലാസിനും* ഇടക്കുള്ളതാണ്. എന്നാൽ അതേ *അയിയോണിയോസ്* [നിത്യത], *കൊലൊസിനുമായും* [ശിക്ഷ], *സോയേനും* [ജീവൻ] ഉപയോഗിച്ചിരിക്കുന്നു. പക്ഷെ യേശുവിന്റെ വാക്കുകളിലൊന്നിലും ആ ശിക്ഷ ജീവിതവുമായി ബന്ധപ്പെട്ട് സമകാലികമെന്ന് [ആനുകാലികം] പറഞ്ഞിട്ടില്ല.[46]

ശിക്ഷിക്കപ്പെട്ടവരിൽനിന്നു വ്യത്യസ്തമായി, നീതിമാന്മാർ "നിത്യജീവങ്കലേക്ക്" പോകും. "നിത്യശിക്ഷാവിധി" എന്നതിനു വ്യത്യസ്തമായി നിത്യജീവൻ എന്നത് പുതിയനിയമത്തിൽ ഉടനീളം പ്രത്യേകിച്ച് യോഹന്നാന്റെ എഴുത്തുകളിൽ പല പ്രാവശ്യം കാണാവുന്നതാണ്.[47]

## പാഠങ്ങൾ

### ന്യായവിധിയെ സംബന്ധിച്ച് മൂന്ന് ഉപമകൾ (അദ്ധ്യാ. 25)

അദ്ധ്യായത്തെ ചുരുക്കി മൂന്നു പോയിന്റുകളാക്കി ഒരു പാഠം രൂപപ്പെടുത്താവുന്നതാണ്: (1) ബുദ്ധിയുള്ളവരാകുവിൻ (25:1–13); (2) വിശ്വസ്തരാകുവിൻ (25:14–30); (3) ഒരുങ്ങിയിരിപ്പിൻ (25:31–46).

ഡേവിഡ് സ്റ്റുവർട്ട്

### പത്തു കന്യകമാരുടെ ഉപമ (25:1-13)

യേശു ഏറ്റവും വലിയ ഗുരു ആയിരുന്നു. മറ്റെല്ലാ ഉപമകളിലുമെന്നപോലെ, വാസ്തവത്തിൽ ജീവിതം അർത്ഥവത്താക്കുന്ന ഒരു സന്ദേശം പത്തു കന്യകമാരുടെ ഉപമയിലും ഉൾപ്പെട്ടിരിക്കുന്നു.

ഒന്ന്, ഉപമ നമ്മെ ഒരുങ്ങുവാനാണ് പഠിപ്പിക്കുന്നത് (25:8). ഈ വേദഭാഗ

ത്തിലെ മുഖ്യ വാക്ക് "ഉണർന്നിരിക്കുക," അല്ലെങ്കിൽ "സൂക്ഷിക്കുക" എന്നാണ് (കെജെവി). ഇതിൽ ഭാവിയിലേക്കുള്ള മുൻ ചിന്തകൾ ഉൾപ്പെട്ടിരിക്കുന്നു.

നമുക്ക് ജീവിതത്തിൽ ചിലത് കടം വാങ്ങുവാൻ സാധ്യമല്ല എന്നതാണ് ഈ ഉപമയിലെ മറ്റൊരു ചിന്ത (25:9). ദൈവത്തോടുള്ള ശരിയായ ബന്ധം പാരമ്പര്യമായി അവകാശമാക്കുവാനോ, കടം വാങ്ങുവാനോ കഴിയുകയില്ല; അത് അവകാശമാക്കുവാൻ നാം പ്രവർത്തിക്കണം. ബുദ്ധിയുള്ളവർ അവരുടെ എണ്ണ പങ്കിടാതിരുന്നതിന് അവരെ ശാസിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിലെ അവരുടെ കാരണം ഉചിതമായിരുന്നു.

ഒരിക്കൽ നഷ്ടപ്പെട്ടാൽ, ചിലത് വീണ്ടെടുക്കാവുന്നതല്ല എന്ന ചിന്തയാണ് അവസാനമായി ഈ വേദഭാഗത്തുള്ളത് (25:10–13). ഒന്നിലധികം പ്രാവശ്യം അവസരങ്ങൾ ലഭിച്ചേക്കാം, പക്ഷെ ചിലപ്പോൾ അത് അവസാനമായേക്കാം. നാം നമ്മുടെ അവസരങ്ങൾ നഷ്ടപ്പെടുത്തരുത്.

## ക്രിസ്ത്യാനിക്കുള്ള ആജ്ഞ (25:1-3)

ഒരിക്കൽ, യേശു തന്നെ മണവാളനോട് സാമ്യപ്പെടുത്തുകയുണ്ടായി (9:15; 25:1; യോഹ. 3:29). നാം യേശുവിന്നായി ഹാജരാകുന്നവരാണെങ്കിൽ, അവൻ വരുന്നതുവരെ എന്ത് ആജ്ഞ നിർവ്വഹിപ്പാനാണ് നമ്മോട് പറഞ്ഞിരിക്കുന്നത്? നാം നമ്മുടെ ദൗത്യം തിരിച്ചറിഞ്ഞ്, അത് സ്നേഹത്തോടും, അനുസരണത്തോടും, വിശ്വസ്തതയോടുംകൂടെ നിർവ്വഹിക്കണം.

*മുൻഗണനയോടുകൂടെ ചെയ്യേണ്ട ആജ്ഞയാണ് ക്രിസ്ത്യാനികൾക്ക് യേശു നൽകിയിരിക്കുന്നത്.* അതിനു പകരമായിട്ടോ, തുല്യമായിട്ടോ വേറെ ഒന്നുമില്ല. സുവിശേഷത്തിനായി, യേശു തന്റെ ജീവനും രക്തവും പകർന്നു എങ്കിൽ, ആ സുവിശേഷത്തിന്റെ വ്യാപ്തിക്കായി നാം നമ്മെത്തന്നെ ഏൽപിച്ചുകൊടുക്കണം. യേശു ധർമ്മം കൊടുത്തിരുന്നു. എന്നാൽ അതായിരുന്നില്ല അവന്റെ ജീവിതത്തിലെ മുഖ്യ ഉദ്ദേശം. "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനത്രേ അവൻ വന്നത്" (ലൂക്കൊ. 19:10).

*യേശു ക്രിസ്ത്യാനികൾക്ക് നൽകിയ ആജ്ഞ പ്രായോഗികമാക്കുവാനുള്ളതാണ്.* എങ്ങനെ തന്റെ മഹത്തായ ആജ്ഞ നിറവേറ്റണമെന്ന് അവന്റെ വചനം വെളിപ്പെടുത്തുന്നു. നാം (1) സുവിശേഷം സകല ജാതികളിലും എത്തിക്കണം (28:19), (2) പുതിയ ക്രിസ്ത്യാനികളെ [ക്രിസ്തുവിന്റെ] സകല ഉപദേശങ്ങളും അനുസരിപ്പാൻ പഠിപ്പിക്കണം (28:20), (3) ഓരോ പ്രാദേശിക ഇടവകയിലും അദ്ധ്യക്ഷന്മാരാകുവാൻ കർത്താവിന്റെ ആളുകളെ പ്രാപ്തരാക്കുക. സഭാ മന്ദിരങ്ങളെ കുറിച്ചോ, ശമ്പളം കൊടുത്ത് ഉപദേഷ്ടാക്കന്മാരാക്കുന്നതിനെ കുറിച്ചോ പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുന്നില്ല; എന്നാൽ സഭ തോറും മൂപ്പന്മാരെ നിയമിക്കുവാൻ പറഞ്ഞിരിക്കുന്നു (പ്രവൃ. 14:23) "തിമൊഥെയോസ്മാരെ" ജനിപ്പിക്കുകയും (പ്രവൃ. 16:1–3), മിഷ്ണറിമാരെ അയക്കുകയും വേണം (പ്രവൃ. 13:1–3).

*യേശു ക്രിസ്ത്യാനികൾക്ക് നൽകിയ ആജ്ഞ തികവുള്ളവരാകുവാനാണ്.* അതിനെ വികസിപ്പിക്കുവാൻ ആർക്കും കഴിയുകയില്ല. സഭക്ക് വേണ്ട പദ്ധതി യേശു നൽകിയപ്പോൾ, അത് തികവുള്ളതായിരുന്നു, ക്രിസ്തീയ കാലഘട്ടം മുഴുവൻ അവന്റെ ശിഷ്യന്മാർക്ക് അതു തികവുള്ളതായിരിക്കും. ചുരുങ്ങിയത് വിത്തിന്റെ രൂപത്തിൽ, ഏതൊരു മിഷ്ണറിക്കും ആവശ്യമുള്ളതെല്ലാം ഉൾപ്പെടുത്തിയിരിക്കുന്നതാണ് യേശുവിന്റെ മഹത്തായ ആജ്ഞ.

യേശു തുടങ്ങി, നമ്മിലേക്ക് പകർന്നിരിക്കുന്ന ദൗത്യം നമുക്ക് പൂർത്തിയാക്കാം. അവന്റെ പദ്ധതി നാം നടപ്പാക്കിയാൽ, നമ്മുടെ വാക്കുകൾക്കും പ്രവൃത്തികൾക്കും ഫലം നമുക്ക് തരും.

*യേശു ക്രിസ്ത്യാനികൾക്ക് നൽകിയ ആജ്ഞ ശാശ്വതത്വമുള്ളതാണ്.* ഭൂമിയിൽ സമയമുള്ള കാലത്തോളം നിലനിൽക്കുന്നതാണ് അവന്റെ പദ്ധതി. യേശു പറഞ്ഞു, "ഞാനോ ലോകാവസാനത്തോളം നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (28:20). സുവിശേഷ പ്രചരണം, അവൻ മടങ്ങി വരുന്നതുവരെ തുടരണം, ലോകത്തിൽ ആ മഹത്തായ പ്രവൃത്തി ചെയ്യുവാൻ വിശ്വസ്തരായ ശിഷ്യന്മാരെ അതിനു പ്രാപ്തരാക്കണം.

എഡി ക്ലോയെർ

**"ഉണർന്നിരിപ്പിൻ" (25:13)**

യേശു വരുന്നത് എപ്പോഴാണെന്ന് കൃത്യമായി പറഞ്ഞാൽ ആരാണ് ഒരുങ്ങാതെ ഇരിക്കുക? അങ്ങനെയാണെങ്കിൽ അവൻ മടങ്ങി വരുന്നതിനു തൊട്ട്മുൻപ് വരെ പാപം ചെയ്തു മാറാതെ ജീവിക്കുന്നവർ എത്രപേരായിരിക്കും? യേശു വരുന്നത് എപ്പോഴാണെന്ന് അറിയായ്കകൊണ്ട്, നാം എപ്പോഴും ഒരുങ്ങിയിരിക്കണം. യേശുവിന്റെ വാക്കുകളിൽ, "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ [നാം] ഉണർന്നിരുന്നു പ്രാർത്ഥിക്കണം" എന്നാണുള്ളത് (26:41). അതിനർത്ഥം കർത്താവ് വരുന്നതുവരെ ഒന്നും ചെയ്യാതെ കാത്ത് സൂക്ഷിച്ചിരിക്കണം എന്നാണോ? ചിലർ അങ്ങനെ ചെയ്യുമെന്ന് യേശുവിനറിയാമായിരുന്നു. അങ്ങനെ ആളുകൾ ചെയ്യാതിരിക്കുവാനാണ്, യേശു താലന്തുകളുടെ ഉപമ അവതരിപ്പിച്ചത്.

**താലന്തുകളുടെ ഉപമ (25:14-30)**

കർത്താവിന്റെ മടങ്ങിവരവിനെ കുറിച്ചുള്ള തെറ്റിദ്ധാരണ ദൂരീകരിക്കുന്നതാണ് താലന്തുകളുടെ ഉപമ. യേശു സ്വർഗാരോഹണം ചെയ്ത് അധികം താമസിക്കാതെ കർത്താവ് മടങ്ങിവരുമെന്ന് ആദ്യ ക്രിസ്ത്യാനികളിൽ ചിലർ വിശ്വസിച്ചിരുന്നു. അവർ തങ്ങളുടെ ജോലിയും, ജീവിതത്തിലെ പല കാര്യങ്ങളും വിട്ടുകളഞ്ഞു, പ്രാർത്ഥനയിലും, ധ്യാനത്തിലും, വചന പഠനത്തിലും മാത്രം ശ്രദ്ധിച്ചിരുന്നു. ആ മനോഭാവം ശരിയല്ല എന്നാണ് താലന്തുകളുടെ ഉപമ പഠിപ്പിക്കുന്നത്.

**ഇന്ന് "താലന്ത്" (25:14-30)**

"താലന്ത്" എന്നതിന്റെ അർത്ഥം "കഴിവ്, പ്രാവീണ്യം, അല്ലെങ്കിൽ വരം" എന്നാക്കിയിട്ടുണ്ട്. വ്യക്തിത്വത്തിനും, സ്വാഭാവിക അനുയോജ്യതക്കും കൈവശമാക്കാവുന്നതാണ് ഒരാളുടെ "കഴിവ്." നമുക്ക് സംഗീതത്തിലും, യന്ത്രങ്ങളിലും, മികവ് നേടുവാൻ കഴിഞ്ഞേക്കാം. എല്ലാവർക്കും ഒരേ ശക്തിയല്ല ഉള്ളതെന്ന് ദൈവത്തിന് അറിയാം, കാരണം നമ്മെ വ്യത്യസ്തരായിട്ടാണ് സൃഷ്ടിച്ചത് (1 കൊ. 12:12-31). ഓരോ ദാസന്മാർക്കും വ്യത്യസ്ത അളവിലാണ് ലഭിച്ചത്, പക്ഷെ ആർക്കും ഒന്നും കിട്ടാതിരുന്നില്ല. ദൈവരാജ്യത്തിൽ താലന്ത് ഒന്നുമില്ലാത്ത അംഗങ്ങളില്ല. ഓരോരുത്തരും അവനവന്റെ താലന്ത് കണ്ടുപിടിച്ച് ഉപയോഗിക്കണം - അല്ലെങ്കിൽ അതു നഷ്ടമാകും.

തങ്ങളെ ഏൽപിച്ച പണം ഉപയോഗിക്കുന്നതുമായി, അവർക്ക് യജമാന

നോടുള്ള സ്നേഹം, ആശ്രയം, ബഹുമാനം എന്നിവയുമായി ബന്ധപ്പെട്ടിട്ടില്ല. അത് അവരുടെ കഴിവ് പ്രകടിപ്പിച്ചായിരുന്നു പ്രവർത്തിക്കേണ്ടിയിരുന്നത്. യജമാനന് മൂന്നാമത്തെ ദാസനോടുണ്ടായിരുന്നതിലധികം വിശ്വാസം ഉണ്ടായിരുന്നോ? ഇല്ല, അവരുടെ കഴിവുകളിൽ പൂർണ്ണ വിശ്വാസം ഉള്ളതുകൊണ്ടായിരുന്നു അവരെ ഉത്തരവാദിത്തം ഏൽപിച്ചത്. നമ്മിൽ എല്ലാവരിൽനിന്നും ഒരേ രീതിയിലുള്ള വിജയം ദൈവം പ്രതീക്ഷിക്കുന്നില്ല, പക്ഷെ നാം എല്ലാം അവനിൽ വിശ്വസ്തരായിരിക്കണമെന്ന് അവൻ പ്രതീക്ഷിക്കുന്നു.

**ന്യായവിധി രംഗം (25:31-46)**

ന്യായവിധി ദിവസത്തെ രംഗം പരിഗണിക്കുക: (1) ഏറ്റവും വലിയ ന്യായാധിപൻ അന്നു സന്നിഹിതനായിരിക്കും (25:31); (2) ഏറ്റവും വലിയ പുരുഷാരം അവിടെ സന്നിഹിതരായിരിക്കും (25:32); (3) എഴുതിയിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ പുസ്തകം തുറക്കും (വെളി. 20:12); (4). ഏറ്റവും വലിയ വേർപിരിക്കൽ അന്നു നടക്കും (25:32, 33); (5) ഏറ്റവും വലിയ വിധി അന്നു നടപ്പാക്കും (25:34, 41, 46).[48]

**ആരും സന്നിഹിതരാകാതിരിക്കുന്ന മതപരമായ യോഗം (25:31-46)**

ആരാധനക്ക് വരാതിരുന്നതിന് ആളുകൾ പല ഒഴികഴിവുകൾ നിരത്താറുണ്ട്. എന്നാൽ മത്തായി 25:31–46 ലെ മതപരമായ യോഗത്തിൽ ആർക്കും ഒഴികഴിവില്ല (യോഹ. 12:48; റോമർ 14:12; 2 കൊ. 5:10). ഭൂമിയിൽ ജീവിച്ച എല്ലാ ആളുകളും അന്നു സന്നിഹിതരായിരിക്കും.

യേശു തന്റെ സിംഹാസനത്തിൽ ഇരിക്കും, ചുറ്റും അവന്റെ ദൂതന്മാരും ഉണ്ടായിരിക്കും (25:31). സകല ജാതികളും അവിടെ കൂടിയിരിക്കും (25:32). രാജാവ് ന്യായാധിപനായി ഇരുന്നു ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർപിരിക്കുന്നതുപോലെ വേർപിരിക്കും (25:31–33).

**നിത്യജീവൻ അല്ലെങ്കിൽ നിത്യ ശിക്ഷാവിധി (25:34, 41, 46)**

ചെമ്മരിയാടുകളേയും കോലാടുകളേയും വേർപിരിക്കുന്ന ഉപമയിലെ ന്യായവിധിക്ക് രണ്ട് ഫലങ്ങളാണുള്ളത്: നിത്യജീവൻ അല്ലെങ്കിൽ നിത്യശിക്ഷാവിധി. മൂന്നാമതായി തിരഞ്ഞെടുക്കാവുന്ന ഒരു മദ്ധ്യസ്ഥാനം ഇല്ല (ഉദാഹരണത്തിന്, ശുദ്ധീകരണസ്ഥലം).

നീതിമാന്മാർക്കുള്ള പ്രതിഫലമാണ് നിത്യജീവൻ (ചെമ്മരിയാടുകൾ), അവർ അനുസരണയോടെ രാജാവിനെ സേവിച്ചവരായിരുന്നു. അവർ വാസ്തവത്തിൽ പിതാവിനാൽ "അനുഗ്രഹിക്കപ്പെട്ടവരാണ്." അവർ ലോകസ്ഥാപനം മുതൽ അവർക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ രാജ്യം "അവകാശമാക്കും". അവർക്ക് ദൈവത്തോടും ക്രിസ്തുവിനോടും പൂർണ്ണമായ കൂട്ടായ്മ ലഭിക്കും.

ദുഷ്ടന്മാർക്കുള്ള വിധിയാണ് നിത്യ ശിക്ഷാവിധി (കോലാടുകൾ), അവർ രാജാവിനെ അനുസരിക്കാതിരുന്നവരാണ്."അനുഗ്രഹിക്കപ്പെട്ടവർ" ആകുന്നതിനുപകരം, അവർ "ശപിക്കപ്പെട്ടവരാണ്." അവർ ക്രിസ്തുവിനോടുള്ള കൂട്ടായ്മ അനുഭവിക്കുന്നതിനു പകരം, അവർ അവന്റെ സന്നിധാനം വിട്ടകലും. അവർ എല്ലാ നന്മയിൽനിന്നും ദൈവത്തിൽനിന്നും ഛേദിക്കപ്പെടും. അവർക്കുള്ള സ്ഥാനം നിത്യാഗ്നിയാണ്, അതു സൂചിപ്പിക്കുന്നത് അവസാനിക്കാത്ത കഷ്ടതയും വേദനയുമാണ്. പിന്നീട് അവർക്ക് ബന്ധമുള്ളത് പിശാചിനോടും

അവന്റെ ദൂതന്മാരോടും എല്ലാ തിന്മയോടും ആയിരിക്കും.

ഡേവിഡ് സ്റ്റുവർട്ട്

**മറ്റുള്ളവരെ സഹായിക്കൽ (25:40)**

ക്രിസ്തുവിന്റെ ശരീരത്തിലുള്ള മറ്റുള്ളവരെ സഹായിക്കണമെന്ന ഊന്നലാണ് യേശു ചെമ്മരിയാടുകളുടേയും കോലാടുകളുടേയും ഉപമയിൽ പറയുന്നത് ("ഈ എന്റെ സഹോദരന്മാർ"). യെരുശലേമിലെ ആദ്യക്രിസ്ത്യാനികളിൽ അത്തരം ധർമ്മം തെളിഞ്ഞുകാണാമായിരുന്നു. അവരുടെ നിറഞ്ഞുകവിഞ്ഞ ഉദാരമനോഭാവം നിമിത്തം, "അവർക്കിടയിൽ മുട്ടുള്ളവർ" ഉണ്ടായിരുന്നില്ല (പ്രവൃ. 4:34).

സഹക്രിസ്ത്യാനികൾക്ക് മുൻഗണന കൊടുക്കണമെങ്കിലും, ക്രിസ്തുവിന് പുറത്തുള്ളവരെ സഹായിക്കുന്ന ഉത്തരവാദിത്തത്തിൽനിന്നു ഒഴിഞ്ഞുമാറുകയുമരുത്. പൗലൊസ് എഴുതി, "ആകയാൽ നാം അവസരം കിട്ടുംപോലെ *എല്ലാവർക്കും*, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യുക" (ഗലാ. 6:10; എംഫസിസ് ആഡഡ്). അ-ക്രൈസ്തവരെ ഭൗതികമായി സഹായിക്കുമ്പോൾ, അവരെ ആത്മീയമായി സഹായിക്കുവാനുള്ള വാതിൽ തുറന്നു കിട്ടും.

ഡേവിഡ് സ്റ്റുവർട്ട്

---

കുറിപ്പുകൾ

[1]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ്ങ് ടു മാത്യു,* പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 620. [2]ചില കയ്യെഴുത്തുപ്രതികളിൽ "മണവാട്ടിയും" എന്നു ചേർത്തിരിക്കുന്നു, എന്നാൽ അത് ഭാവന കൂടുതൽ സങ്കീർണ്ണമാക്കുന്നു. നോക്കുക, ബ്രൂസ് എം. മെറ്റ്സർ, *ഏ ടെക്സ്ചൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യുടെസ്റ്റമെന്റ്*, 2ഡ്. എഡി. (സ്റ്റട്ട്ഗാർട്ട്: ജെർമൻ സ്വസൈറ്റി, 1994), 52–53. [3]ജെ. ഡബ്ലിയു. മെക്ഗാർവേ, *ദ ന്യുടെസ്റ്റമെന്റ് കമെന്ററി,* വാല്യം. 1, മാത്യു ആന്റ് മാർക്ക് (എൻ.പി., 1875; റീപ്രിന്റ്, ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 215. [4]നോക്കുക റോബർട്ട് എച്ച്. ഗൺഡ്രി, *മാത്യു ഏ കമെന്ററി ഓൺഹിസ് ലിറ്ററി ആന്റ് തിയോളജിക്കൽ ആർട്ട്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1982), 498; റോബർട്ട് എച്ച്. മൗൺസ്, മാത്യു, ന്യു ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 233. [5]ജോൺ ലൈറ്റ്ഫുട്ട്, *ഏ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ് ഫ്രം ദ താൽമൂദ് ആന്റ് ഹെബ്രാനിക്ക: മാത്യു – 1 കൊരിന്ത്യൻസ്,* വാല്യും. 2, *മാത്യു – മാർക്ക്* (ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, 1859; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ബേക്കർ, 1979), 322. [6]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പാർട്ട് 2, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 133. [7]ഗണ്ഡ്രി, 499. [8]മൗൺസ്, 233. [9]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു 14–28,* വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 33ബി (ഡള്ളാസ്: വേർഡ് ബുക്സ്, 1995), 729. [10]ഡബ്ലിയു. എഫ്. ആൽബ്രൈറ്റും സി. എസ്. മാനും, *മാത്യു*, ദ ആങ്കർ ബൈബിൾ (ഗാർഡൻ സിറ്റി, ന്യുയോർക്ക്.: ഡബിൾഡേ & കമ്പനി., 1971), 302.

[11]മൈക്കിൽ ജെ. വിൽക്കിൻസ്, "മാത്യു," *ഇൻ സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗൺസ് കമെന്ററി,* വാല്യം. 1, *മാത്യു, മാർക്ക്, ലൂക്ക്,* എഡി. ക്ലിന്റൺ ഈ.

ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 155. [12]മെക്ഗാർവേ, 217. [13]അതിൽനിന്നു വ്യത്യസ്തമായി, "ഒരു പണം" എന്നത്, നൂറ് ദിനാർ ആണ്. ഒരു താലന്തിന്റെ 1/60 ന്റെ വിലയാണ് ഒരു പണത്തിനുള്ളത് (ലേവിസ്, 135 നോക്കുക.) [14]ഡഗ്ലസ് ആർ. ഏ. ഹെയർ, *മാത്യു* ഇന്റർപ്രെട്ടേഷൻ (ലൂയിസ്വിലേ.: ജോൺ നോക്സ് പ്രസ്, 1993), 286. [15]കെജെവിയിലും എൻകെജെവിയിലും വീട്ടുടയവൻ പോയ "ഉടനെ" എന്നു ചേർത്തിരിക്കുന്നു (അല്ലെങ്കിൽ "നേരെ"), എന്നാൽ ആധുനിക തർജ്ജിമകളിൽ ആദ്യത്തെ ദാസന്റെ പ്രവൃത്തികൾക്കു മുൻപിൽ മാത്രമാണ് അതുള്ളതത്. [16]താൽമൂദ് *ബാബാ മെറ്റ്സിയ* 42ഏ. [17]നോക്കുക *മിഷ്നാ ബാബാ കമ്മാ* 9.2; 10:5; *ബാബാ മെറ്റ്സിയ* 6.3. [18]ഗൺഡ്രി, 508. [19]മെർലിൻ ഡബ്ലിയു. കാൾ, "ബാങ്ക്; ബാങ്കിങ്," *ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ,* റെവ. എഡി., എഡി. ജെഫ്രി ഡബ്ലിയു.ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1979), 1:409. [20]ലേവിസ്, 136.

[21]ഹാഗ്നെർ, 736. [22]ഡേവിഡ് ഹിൽ, *ദ ഗോസ്പെൽ ഓഫ് മാത്യു,* ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 329. [23]മോറിസ്, 632. [24]ആ ഉപമകളിൽ അപ്പൻ രണ്ടു മക്കളോട് വയലിൽ പോയി ജോലി ചെയ്യുവാൻ പറഞ്ഞതും (21:28-32), ഗൃഹസ്ഥനും മുന്തിരിത്തോട്ടവും (21:33-41), രാജാവിന്റെ മകന്റെ കല്യാണവും (22:1-14), പത്തു കന്യകമാരുടേതും (25:1-13), താലന്തുകളുടേതും (25:14-30), ചെമ്മരിയാടുകളേയും കോലാടുകളേയും വേർതിരിക്കുന്നതും ഉൾപ്പെടുന്നു (25:31-46). [25]ന്യായവിധിയുടെ സമാന രംഗത്തിന് നോക്കുക വെളിപ്പാട് 20:11-15. [26]നോക്കുക 1*ഏനോക്* 62.1-16; 69.27-29. [27]ഹർഷോന്മാദവും ക്രിസ്തുവിന്റെ രണ്ടാം വരവും വേറിട്ടു തെറ്റായി പഠിപ്പിക്കുന്നത് ഡിസ്പെൻസേഷ്ണൽ പ്രീമില്ലിയംകാരാണ്. 28നോക്കുക വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, ബി ലോയൽ (വീറ്റൺ, Ill.: വിക്ടർ ബുക്സ്, എസ്ബി പബ്ലിക്കേഷൻസ്, 1980), 184-85. [29]"ജാതികൾ" എന്നു മഹത്തായ ആജ്ഞയിൽ പറഞ്ഞിരിക്കുന്നതും എല്ലാവരേയും ഉൾപ്പെടുത്തിയാണ് (28:19; മർ. 16:15 നോക്കുക). [30]വില്യം ഹെൻഡ്രിക്സൺ, *ന്യൂടെസ്റ്റമെന്റ് കമെന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 886.

[31]വിൽക്കിൻസ്, 157. [32]ഹിൽ, 331; മൗൺസ്, 235. [33]ലേവിസ്, 140. [34]"ലോകാടിസ്ഥാനം" എന്ന പ്രയോഗം സൃഷ്ടിത്വത്തെ കുറിച്ചു പ്രതിപാദിക്കുന്നത് പുതിയനിയമത്തിൽ പല ഭാഗങ്ങളിൽ കാണാം (13:35; ലൂക്കൊ. 11:50; യോഹ. 17:24; എഫെ. 1:4; എബ്രാ. 4:3; 9:26; 1 പത്രൊ. 1:20; വെളി. 13:8; 17:8). ഇവയിൽ ചിലതിൽ ക്രിസ്തു മൂലമുള്ള ദൈവത്തിന്റെ നിത്യരക്ഷാപദ്ധതിയും ഉൾപ്പെടുന്നു. [35]അനുസരണവും ക്രിയാത്മക പ്രതിഫലവും തമ്മിലുള്ള ബന്ധത്തെ യേശു പലപ്പോഴായി ഊന്നി പറഞ്ഞിട്ടുണ്ട് (7:21-27; 12:36, 37; യോഹ. 12:47, 48). [36]ഒരിക്കൽ ഒരാളുടെ കഴിഞ്ഞകാല പാപങ്ങൾ ക്രിസ്തുവിന്റെ രക്തത്താൽ മറെച്ചുകളഞ്ഞാൽ പിന്നെ അവ ന്യായവിധിയിൽ വരുന്നില്ല. [37]ഹാഗ്നെർ, 746-47. [38]വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ,* 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 208. [39]നോക്കുക മിഷ്നാ *അബോഥാ സാറാ* 2.1. [40]റാൽഫ് ഏർലേ, "ഇൻ, ലോഡ്ജ്, ലോഡിങ് പ്ലെയിസ്," *ഇൻ ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റെവ. എഡി., എഡി. ജെഫ്രി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ്

പബ്ലിഷിങ് കമ്പനി., 1982), 2:826.

[41]ഡേവിഡ് സ്റ്റുവർട്ട്, *ഏ കമെന്ററി ഓൺ ഫിലിപ്പിയൻസ്*, (സിയേഴ്സി, ആർക്ക്.: സ്റ്റുവർട്ട് പബ്ലിക്കേഷൻസ്, 2006), 81. [42]കൂടുതലർ വിവരങ്ങൾക്ക് നോക്കുക സ്റ്റുവർട്ട്, 80–82. [43]ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1968), 410, നോക്കുക പ്രവൃ. 9:4, 5; 1 കൊ. 8:12. [44]സി. ജി. വിൽകെ ആന്റ് വിലിബാൽഡ് ഗ്രിം, *ഏ ഗ്രീക്ക് ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യുടെസ്റ്റമെന്റ്*, ട്രാൻസ്, ആന്റ് റെവ. ജോസെഫ് എച്ച്. തേയർ (എഡിൻബറോ ടി & ടി ക്ലെർക്, 1901; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്രർ ഹൗസ്, 1977), 20. [45]ഹെയർ, 288. [46]ഏ. ടി. റോബർട്ട്സൺ, *വേർഡ് പിക്ച്ചേഴ്സ് ഇൻ ദ ന്യുടെസ്റ്റമെന്റ്,* വാല്യം. 1, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാർക്ക്* (നാഷ്‌വിലേ; ബ്രോഡ്മാൻ പ്രസ്, 1930), 201–2. [47]നോക്കുക മത്താ. 19:16, 29; മർ. 10:17, 30; ലൂക്കൊ. 10:25; 18:18, 30; യോഹ. 3:15, 16, 36; 4:14, 36; 5:24, 39; 6:27, 40, 54, 68; 10:28; 12:25, 50; 17:2, 3; പ്രവൃ. 13:46, 48; റോമർ 2:7; 5:21; 6:22, 23; ഗലാ. 6:8; 1 തിമൊ. 1:16; 6:12; തിത്തൊ. 1:2; 3:7; 1 യോഹ. 1:2; 2:25; 3:15; 5:11, 13, 20; യൂദാ. 21. [48]എടുത്തത് ഡബ്ലിയു. എ. ബ്രാഡ്ഫീൽഡ് എന്നയാളുടെ ഫ്രീഡ്-ഹാർഡ്മാൻ യൂണിവേഴ്സിറ്റി, ഹെൻഡ്രിക്സൺ, ടെന്നസിയിലെ പ്രസംഗത്തിൽനിന്നാണ്, അനേകവർഷം അദ്ദേഹം അവിടെ സുവിശേഷകനായി പ്രവർത്തിച്ചിട്ടുണ്ട്.